# നിശാഗന്ധികൾ പൂക്കുന്നു



SCRV ITE അങ്ങാടിക്കൽ
2020-22



# സന്ദേശം

## ഭാവനകൾ ഉദ്ദീപിക്കപ്പെടുമ്പോൾ ....

ഉദാത്തമായ ചിന്തകളും വികാരങ്ങളും അനുഭവങ്ങളുടെ ഉലയിൽ ഊതിക്കാച്ചി സ്വർണ്ണത്തിളക്കമുള്ള അക്ഷരരൂപങ്ങളായി കോർത്തിണക്കി അവതരിപ്പിക്കുന്നതിനെ സർഗ്ഗാത്മകതയെന്നു നിർവ്വചിക്കാനാവുമോ?!! അല്ലെങ്കിൽ, സർഗ്ഗാത്മകതയെ നിർവ്വചനങ്ങളുടെ ചത്വരത്തിൽ ഒതുക്കുവാൻ കഴിയുമോ ?! ഇല്ലെന്നതു തന്നെയാണ് എന്റേയും ഉത്തരം. നിർവ്വചനങ്ങളെയും പരിമിതികളേയും അതിന്റെ വഴിക്കു വിടാം...അനുവാചകർ അവരവരുടെ മനോധർമ്മമനുസരിച്ച് നിർണ്ണയിക്കട്ടെ !. എന്നിരുന്നാലും സർഗ്ഗാത്മകത എന്നത് മാനവകുലത്തിന് ഗുണകരവും അനുഭൂതിദായകവുമാണെന്നതിന് വിരുദ്ധ അഭിപ്രായത്തിനിടയില്ല.

എസ്.സി.ആർ വി .ഐ .ടി .ഇ എന്ന ഈ ചരിത്ര പൈതൃക അധ്യാപക വിദ്യാലയത്തിലെ ഒന്നാം സെമസ്റ്റർ ഡി.എൽ എഡ് വിദ്യാർത്ഥികളുടെ സങ്കൽപ്പന വൈദഗ്ധ്യത്തിൽ മൊട്ടിട്ട് തളിരിട്ട് ഡിജിറ്റൽ അടിത്തറയിൽ വിടർന്ന ' നിശാഗന്ധികൾ പൂക്കുന്നു ' എന്ന ഡിജിറ്റൽ മാഗസിൻ സംരംഭത്തിന് ഭാവുകങ്ങൾ. ഇരുളിൽ വെളിച്ചവും നിറഭേദങ്ങളും നിറയ്ക്കുവാനും സുഗന്ധം പടർത്തുവാനുമായി ഇനിയും ഇനിയും അനേകായിരം നിശാഗന്ധികൾ തളിർത്ത് പൂത്തുലഞ്ഞുകൊണ്ടേയിരിക്കട്ടെ.

നന്മകൾ നേരുന്നു...

രേഖ .എൽ .പി ,
പ്രിൻസിപ്പാൾ,
എസ്.സി.ആർ.വി ഐടി ഇ
ചെങ്ങന്നൂർ .



# സന്ദേശം

നമ്മുടെ ലോകത്താകമാനം ബാധിച്ചിരിക്കുന്ന
ഈ മഹാമാരിയെ നാം ഓരോരുത്തരും വളരെ
യധികം തന്മയത്വത്തോടെ കൈകാര്യം ചെയ്യുന്ന
തിന് ഉൽകൃഷ്ടരാണ്. അതിനായി നാം ഒന്നിച്ച്
ഒറ്റക്കെട്ടായി നിന്നു പ്രവർത്തിച്ചതിന്റെ ഫലമാ
യി ഈ ഒരു വിഷമ ഘട്ടത്തിൽ അൽപ്പമെങ്കിലും
നമുക്ക് ആശ്യസിക്കാം. ഈ പ്രതിസന്ധി ഘട്ടങ്ങ
ളിലും നാം മുന്നോട്ടു പോവുക തന്നെ ചെയ്യും.

ഈ മാഗസിന്റെ പൂർത്തീകരണത്തിന് ഏറ്റവും
അത്യന്താപേക്ഷിതമായ കാര്യം അതിൽ പ്രവർ
ത്തിക്കുന്നവരുടെ കൂട്ടായ്മയാണ്. അതിനായുള്ള
ചുവടുവയ്പ്പിൽ നാം ഓരോരുത്തരും ഒത്തൊരു
മിച്ച് പ്രവർത്തിച്ചേ മതിയാകൂ. അതിനായി സർ
വേശ്വരൻ നമ്മെ ഓരോരുത്തരെയും അനുഗ്രഹി
ക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അമ്പിളി ആർ നായർ
ടീച്ചർ എഡ്യൂക്കേറ്റർ
എസ്.സി.ആർ.വി ഐടിഇ



പ്രിയേഷ് എം.ബി
(എഡിറ്റർ )

# ആമുഖം

ലോകം മുഴുവൻ കോവിഡ് -19 എന്ന മഹാവ്യാധി കാരണം
നടുങ്ങിയിരിക്കുകയാണ്. പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യാൻ
നാമെല്ലാം ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ട്. ദൈവത്തിന്റെ സ്വന്തം
നാടായ കേരളവും കോവിഡ് പ്രതിരോധത്തിലാണ്.അതോടൊപ്പം മിക
വുറ്റ ഓൺലൈൻ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന കേരള പൊതു വിദ്യാ
ഭ്യാസ വകുപ്പും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നു.
എങ്കിലും ഒരു മഴക്കായി കേഴുന്ന വേഴാമ്പലുകളെ പോലെ ഓരോ കുട്ടിക
ളും വിദ്യാലയത്തിലേക്ക് ചുവട് വെക്കാൻ കാത്തിരിക്കുകയാണ്.
സരസ്വതി ക്ഷേത്ര കവാടങ്ങൾ കുട്ടികൾക്ക് മുന്നിൽ തുറന്നിടുന്ന നാളുക
ൾക്കായി കാത്തിരിക്കാം.
ഈ ഒരു അവസരത്തിൽ SCRV ITE എന്ന പൈതൃക അധ്യാപക വിദ്യാല
യത്തിലെ ഒന്നാം വർഷ അധ്യാപക വിദ്യാർഥികളായ നമ്മൾ ഒരു മാഗ
സിൻ ഒരുക്കുകയാണ്. വിദ്യാർത്ഥികളുടെ സർഗ്ഗാത്മക സൃഷ്ടികൾ പരി
പോഷിപ്പിക്കാൻ ഉതകുന്നതാണ് ഇത് പോലുള്ള മാഗസിൻ.
'നിശാഗന്ധികൾ പൂക്കുന്നു' എന്ന നാമധേയത്തിൽ ഈ മാഗസിൻ നിങ്ങ
ൾക്ക് മുന്നിൽ എത്തുകയാണ്.
നിശാഗന്ധികൾ പൂക്കുകയാണ് നമ്മളിലൂടെ.....
കനവുകളിലൂടെ നാം നെയ്തെടുത്ത പട്ടുറുമാൽ പോലെ, അന്ധകാരത്തിലും
ശോഭിതമായ ഈ നിശാഗാന്ധികൾ പൂക്കുന്നു, ആരെയും ആകർഷിക്കാ
ൻ പ്രാപ്തമായ ഈ പൂവിന്റെ ഇതളുകൾ ആയിരിക്കും ഈ പുസ്തകത്തിന്റെ
ഓരോ താളുകളും.നമ്മുടെ സാഹിത്യ സൃഷ്ടികൾ നിങ്ങളുടെ മിഴികളിലും
മനതാരിലും ചാരുതയേകും എന്ന പ്രത്യാശയോടെ ഈ ഡിജിറ്റൽ പുസ്ത
കം നിങ്ങൾക്കായി സമർപ്പിക്കുന്നു.

# താളുകളിലൂടെ...


| | |
|---|---|
| 6 | ശാന്തം ഈ ജീവിതം |
| 7 | പ്രണയം |
| 8 | ഊർമ്മിള |
| 10 | നാം അതിജീവിക്കും |
| 12 | കൊട്ടാക്കമ്പൂർ യാത്ര |
| 14 | പ്രചോദനം |
| 15 | വിശപ്പ് |
| 16 | ഓർമ്മകളിലെ മംഗളാദേവി |
| 17 | മഴ |
| 18 | ചിത |
| 19 | ഇഷ്ടം |
| 21 | വൃദ്ധൻ |
| 22 | മിറക്കിൾ |
| 24 | ഇനിയും പുനർജനിക്കാം |
| 25 | മരുഭ്രമിയിലെ ഒട്ടകം |
| 26 | എൻ സ്നേഹം |

27 കോവിഡ് 19
28 പോസ്റ്റർ
29 കൊഴിഞ്ഞു പോകുന്ന മധ്യ
വേനലവധിക്കാലം
30 വട്ട്
31 പ്രകൃതീ നീയെവിടെ?
32 പുലരിയും പറവയും
33 അന്ത്യ ശ്വാസം
34 മഴത്തുള്ളികൾ
35 മേരിക്കൊച്ച്
37 പല്ലവ സംഗീത സ്മൃതികൾ
38 ഡയറി
39 കാലമേ നീ ഇങ്ങനങ്ങു
നടന്നകലുന്നുവോ?
40 ഫിയോദർ ദസ്തയേവ്സ്കി
41 നീ അറിയാതെ
42 മലയാള ഭാഷയുടെ മഹത്ത്വം
43 പ്രണയച്ചിറകിൽ
44 ഡിജിറ്റൽ പെയിന്റിംഗ്
45 ഫോട്ടോഗ്രാഫ്സ്
46 ചിത്ര രചനകൾ
50 World No Tobacco day Slogans
51 നമ്മുടെ പരിസ്ഥിതി ദിനം

# ശാന്തം ഈ ജീവിതം



പ്രിയേഷ് എം ബി

ആരോ ചമച്ച തിരക്കഥയേവയും
ആടി തിമിർക്കുകയാണോ നാം ?

നൂൽപ്പാലം പൊട്ടുന്ന നേരം വരെ
ഈ വീഥിയിലെന്തോ തിരയുന്നു നാം.

ആവരണങ്ങളോ ആമുഖങ്ങളോ
ഇല്ലാ ജനനം,പിന്നെ അമ്മതൻ ചൂടും

പിന്നെ  നാലക്ഷരം ഗ്രഹിച്ചാൽ
എല്ലാം
നാമെന്ന  ഭാവവും തലക്കനവും

പാതയേതെന്നറിയാതെ കയ്യിൽ
പാഥേയമില്ലാതെ നടക്കും ചിലർ.

പണ സഞ്ചി തുന്നി മെത്തയാക്കി
സുഖഭോഗങ്ങളിൽ ശയിക്കും ചിലർ.

ഹ്രസ്വമാം ജീവിതമെങ്കിലും നിത്യം
ദീർഘ വീക്ഷണം മെനയും ചിലർ.

ബുദ്ധി ശൂന്യതയിൽ നിന്നും മെനയുന്ന
തന്ത്രങ്ങളെല്ലാം നാളേക്കുണ്ടോ ?

കഥയറിയാതെ ആടരുതേവരുമീയാട്ടം
ഇന്നീ ക്ഷണികമാം ജീവിതത്തിൽ.

ഈ വ്യഥയെന്തിനെന്നറിയാതെ നാം
ആരെ പഴിക്കുന്നു നിത്യം വൃഥാ.

നിദ്രയിൽ പോലും നിഴൽ പോൽ
പതുങ്ങി മരണവും കൂടെയുണ്ട്.

എങ്കിലും നാളേക്ക് കരുതി വെക്കുന്നു
സ്വപ്നങ്ങൾ ചീട്ടുകൊട്ടാരമായി.

സന്ദേഹമെന്തിനു സോദരരെ നിങ്ങൾ
സന്തോഷമായി മുന്നോട്ടു പോകൂ.

സുഖദുഃഖങ്ങളിൽ എല്ലാം മറന്നൊന്നു
പുഞ്ചിരി തൂകൂ സോദരരെയെന്നും.

നാളേക്ക് ബാക്കി വെക്കണം ഒരുമയും
സ്നേഹവും നല്ല മനസ്സും മാത്രം.

അല്ലായ്കിലീ ജീവിതം വെറും പാഴ്
വസ്തുവായി ഒതുങ്ങുമെന്നും.

നല്ല ചിന്തകൾ തൻ പുതു നാമ്പുകൾ
വിരിയട്ടെയെങ്ങും പടർന്നിടട്ടെ.



ജയശ്രീ ജെ

# പ്രണയം

അങ്ങു മേലെ മലമുകളിലിരുന്നു തന്നെ അവർക്ക് അവനെ കാണാം. പടിഞ്ഞാറേ അറ്റത്ത് വിശാലഹൃദയനായി നിൽക്കുന്ന അവനെ കാണുന്തോറും അവരുടെ മനസ്സിൽ അവനോടുള്ള പ്രണയം ഏറി വന്നുകൊണ്ടിരുന്നു. അവൻ, അകത്തളങ്ങളിൽ കൗതുകങ്ങളുടെ നിലവറ ഒളിപ്പിച്ച ആ സമുദ്രദേവൻ അറിയുന്നുണ്ടോ ഈ പ്രണയം? അവനോടുള്ള പ്രണയം അവരിൽ അലകൾ സൃഷ്ടിച്ചു. അവർ ആർത്തുല്ലസിച്ച് മലകളോടും മാരുതനോടും കുശലം പറഞ്ഞ് പൊട്ടിച്ചിരിച്ച് അവന്റെ അടുത്തേക്ക് ചെല്ലുന്നു. അവന് അവിടുന്ന് അനങ്ങേണ്ടി വന്നില്ല. അവനെ തേടിച്ചെന്ന അവരെ അവൻ ആഹ്ലാദത്തിമിർപ്പോടെ സ്വീകരിച്ചു. തന്റെ ഉള്ളിലെ സ്നേഹം പകർന്നുനൽകാൻ അവനും തിടുക്കപ്പെട്ടു. അവരെ അവൻ തന്റെ ഹൃദയാന്തർഭാഗത്തേക്ക് ആനയിച്ചു. അവൻ, തന്നെ കുറിച്ചോർത്ത്, തന്നോട് അവർക്കുള്ള സ്നേഹത്തെ കുറിച്ചോർത്ത് അഭിമാനിക്കുന്നു. എത്ര ഭാഗ്യവാനാണ് താൻ നാൽപ്പത്തിനാലു പേരിൽ നാൽപ്പത്തിഒന്നു പേരും തന്നെ പ്രണയിക്കുന്നു. ഉന്നതങ്ങളിലിരിക്കുന്നവരായിട്ടുപോലുംതാഴേക്കിടയിൽ കിടക്കുന്ന എന്നെ അവർ തേടി വരുന്നു. ഏതോ മനോഹര സ്വപ്നം പോലെ അവർ എൻ്റെ ഹൃദയത്തിന്റെ അഗാധ ഗർത്തങ്ങളിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു.എന്നെ സ്നേഹിക്കുന്നവരെ ആവോളം സ്നേഹിക്കാൻ എനിക്ക് ആകുമോ? സംശയം എന്താണെന്നല്ലേ...പറയാം..അവരിൽ ചിലർക്ക് എന്നിലേക്ക് ചേരാൻ മടി! അവർ വരുന്ന വീഥികളോട് ഞാൻ കാട്ടിയ കുറുമ്പിനാൽ പിണക്കം വന്നു ചേർന്നതാണോ, അതോ ആരുടെയെങ്കിലും നിർബന്ധബുദ്ധി അവരെ വിട്ടയക്കാഞ്ഞതാണോ? സംശയം ദൂരീകരിക്കുന്നു.കിട്ടിയ അറിവ് മികച്ചതാണ് !ബുദ്ധി കൂടിപ്പോയതിൽ അഹങ്കരിച്ച് സർവ്വവും തന്റെ കൈപ്പിടിയിൽ ഒതുങ്ങുമെന്ന് വിചാരിക്കുന്ന സർവ്വലോക പ്രധാനിയുടെ ശാഠ്യമാണ്!കരഞ്ഞു താണുകേണ് അപേക്ഷിച്ചപ്പോഴും നിർവികാരം പ്രദർശിപ്പിക്കുന്നവനു കേട്ട ഭാവമില്ല !കേണു താണതൊക്കെ നിർത്തി അലറുകയാണ് താൻ... "ഹേ....സർവ്വവും നിങ്ങളുടെ അധികാരത്തിലെന്നു വിശ്വസിച്ചു കൊള്ളൂ... പക്ഷേ മനസ്സിലാക്കേണ്ടത് മറ്റൊന്നാണ് സത്യം എന്നതാണ് ! എന്റെ പ്രണയിനികളെ എനിക്ക് വിട്ടുതരിക. അല്ലെങ്കിൽ എനിക്ക് അവരെ തേടി വരേണ്ടിവരും !"എന്തുകൊണ്ട് തനിക്ക് അവരെ തേടിച്ചെന്നു കൂടാ?എന്റെ അടുത്ത് എത്താതെ അവർ വിഷമിക്കുന്നുണ്ടാവും... ഞാൻ അവരെ തേടി യാത്രയാവുകയാണ്.തിരിഞ്ഞുനോക്കുന്നില്ല ഞാൻ.അവരെ കാണാനുള്ള വെമ്പലോടെ ചെറിയ ചെറിയ അലകളായി കരയിലേക്ക്..ഫലമില്ലാതെയായപ്പോൾ സർവ്വശക്തിയുമെടുത്ത് വലിയൊരു കുതിപ്പ്..അവശരായി കിടന്ന അവരുടെ അടുത്തേക്ക് അവൻ എത്തിയത് അവരിൽ ഉത്സാഹം ഉണർത്തി. ഉപ്പുരസം കലർന്നതെങ്കിലും അവനിലേക്ക് ചേരാൻ അവർക്ക് യാതൊരു മടിയും ഉണ്ടായിരുന്നില്ല.അങ്ങനെ എന്നെന്നേക്കുമായി അവനും അവരും ഒന്നായി. എന്നാൽ...അവൻ വന്ന വഴികൾ നിശ്ചലമായി,ശൂന്യമായി പോയിരിക്കുന്നു...

രാധിക സി.എസ്



# ഊർമ്മിള

സഹനം ത്യാഗം എന്നിങ്ങനെയുള്ള വാക്കുകൾ കേട്ടാൽ ഒട്ടുമിക്ക ഭാരതീയരുടെയും മനസിൽ തെളിഞ്ഞു വരുന്ന രൂപമാണ് സീതാദേവിയുടേത് എന്നാൽ സീതയെപോലെ  മറ്റൊരാളു കൂടി ഉണ്ട് ജനകപുത്രിയും ലക്ഷ്മണപത്നിയുമായ ഊർമിള. വിവാഹിതയായി ഏതാനും നാളുകൾ മാത്രമായപ്പോൾ തന്റെ പ്രാണന്റെപാതിയായ പതി ജ്യേഷ്ഠനെ  സംരക്ഷിക്കുന്നതിന് 14 വർഷത്തെ വനവാസത്തിനുപോകാൻ ഒരുങ്ങുന്നു. ആ സമയം 'തന്നെയും കൂടെ കൂട്ടുമോ?' 'ഞാനും നിങ്ങൾക്കൊപ്പം വരാനാഗ്രഹിക്കുന്നു' എന്നവൾ തന്റെ ആഗ്രഹവും ആശയും പ്രകടിപ്പിച്ചു, എന്നാലതു നിഷേധിക്കപ്പെട്ടു തന്റെ ദൗത്യം ഭർതൃ മാതാവിനെയും മറ്റു മാതാക്കളേയും സംരക്ഷിക്കുക എന്നതാണെന്നും അതിനാൽ താൻ വീട്ടിൽ തന്നെകഴിയണമെന്നുമാണ് മറുപടി കിട്ടിയത്.കൂടാതെ ആരണ്യത്തിലേക്ക് കൂട്ടിയാൽ ജ്യേഷ്ഠനെ വേണ്ട പോലെ ശുശ്രൂഷിക്കാൻ സാധിക്കില്ല എന്നുമാണ് മറുപടി കിട്ടിയത്.തന്റെപതിയെ അനുഗമിക്കുക എന്ന ആഗ്രഹം അപ്പോൾതന്നെ അവൾക് നിഷേധിക്കപ്പെട്ടു എന്നാലും തന്റെ ആഗ്രഹം മറന്ന് പതിയുടെ ആഗ്രഹംപോലെ വർത്തിക്കാൻ അവൾതീരുമാനിച്ചു.അത്പോലെതന്നെ 14വർഷവനവാസത്തിനിടയ്ക്ക് രാത്രി ഉറക്കമുളഞ്ഞ് തന്റെജ്യേഷ്ഠനേയും സീതാദേവിയേയും സംരക്ഷിക്കാൻ കാവലിരുന്ന ലക്ഷ്മണന്റെ മുമ്പിൽ നിദ്രാദേവി പ്രത്യക്ഷപ്പെടുകയും 14 വർഷം  ഉറങ്ങാതിരിക്കാനുള്ള -

വരം നൽകുകയും ചെയ്തു.
എന്നാൽ ലക്ഷ്മണന്റെ ഉറക്കം മറ്റൊരാൾ ഏറ്റെടുക്കണമെന്നു പറഞ്ഞപ്പോൾ ഊർമിളയുടെ പേര് നിർദേശിക്കുകയും ചെയ്തു. ദേവി ഊർമിള യുടെ മുന്നിൽ പ്രത്യക്ഷപ്പെടുകയും കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്തു .ഊർമിള സന്തോഷത്തോടെ അത് ഏറ്റെടുത്തു എന്നും ഒരു കഥ പ്രചാരത്തിലുണ്ട് .

മറ്റുള്ളവരുടെ സന്തോഷങ്ങൾക്കും ആഗ്രഹങ്ങൾക്കും വേണ്ടി തന്റെ ആഗ്രഹങ്ങളും, മോഹങ്ങളും,സ്വപ്നങ്ങളും ഉപേക്ഷിക്കുന്നത് ത്യാഗമല്ലേ?

മറ്റുള്ളവരുടെ നന്മയ്ക്കായി തന്റെ ജീവിതത്തിലെ പല വർഷങ്ങൾ മാറ്റിവെച്ച ഊർമ്മിളയും തന്റെ ജീവിതം ത്യാഗ പൂർണമാക്കി.പക്ഷേ എന്നിട്ടും എന്ത് കൊണ്ട് പുറംലോകം അവളെ കുറിച്ച് പറയുകയോ പുകഴ്ത്തുകയോ ചെയ്തില്ല?

രാവന്തിയോളം മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി പണി എടുക്കുന്ന ഊർമിളമാർ ഓരോവീട്ടിലുമുണ്ടാവും പ്രശംസാ പാത്രമാവാതെ തിരിച്ച് ഒന്നും കിട്ടുമെന്ന് പ്രതീക്ഷിക്കാതെ സ്വന്തം സ്വപ്നങ്ങൾ ത്യജിക്കുന്നവർ,ആഗ്രഹങ്ങളെ
അകലങ്ങളിൽ ഉപേക്ഷിച്ചവർ പൊതുസമൂഹം അവർ ചെയ്ത പ്രവർത്തികളേയും നഷ്ടപെടുത്തിയ സ്വന്തംജീവിതത്തെയും കടമ എന്ന മൂനക്ഷരത്തിൽ ഒതുക്കികളഞ്ഞു അതുകൊണ്ട് തന്നെയാവാം കവികളും,കഥാകൃത്തുകളും,നിരീക്ഷകരും ഊർമിളയെ വിസ്മരിച്ചത്,അവളും കടമ എന്നചുറ്റമതിലിനുള്ളിൽ തളച്ചിടപ്പെട്ടത്.



# നാം അതിജീവിക്കും

അമൽരാജ്

കഴിഞ്ഞ ഒരു വർഷത്തിലേറെക്കാലമായി, നാമെല്ലാവരും കൊറോണ എന്ന മഹാമാരിയെ നേരിട്ട് കൊണ്ട് പ്രതിരോധപ്രവർത്തനങ്ങളുമായി മുന്നോട്ട് പോവാൻ തുടങ്ങിയിട്ട്. നമുക്ക് എല്ലാവർക്കും വ്യത്യസ്തമായ അനുഭവങ്ങളായിരിക്കും ഈ ഒരു കൊറോണക്കാലം നൽകിയിട്ടുണ്ടാവുക. നാം തുടർന്നു പോന്നിട്ടുള്ള ജീവിതരീതികൾ, വിവിധങ്ങളായ ആഘോഷങ്ങൾ, ഒത്തു ചേരലുകൾ തുടങ്ങി മനോഹരമായ ജീവിതത്തിലെ പല ഏടുകളും കൊറോണ എന്ന വില്ലൻ പാടെ മാറ്റിമറിച്ചിരിക്കുകയാണ്. മുഖം മൂടി കെട്ടി കൊണ്ട്, മറ്റുള്ളവരിൽ നിന്ന് അകലം പാലിച്ചു കൊണ്ട് പുതിയൊരു ശൈലി നാം ജീവിതത്തിന്റെ ഭാഗമാക്കിയിരിക്കുകയാണ്.

എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു രാഷ്ട്രീയ പാർട്ടിയുടെ ഭാഗമായി നിൽക്കുന്ന ആളാണ്,പൊതുപ്രവർത്തകനാണ്. അതിനാൽ തന്നെ വീട്ടിൽ ഉണ്ടാകുന്നതിനെക്കാൾ ഏറെ പുറംലോകവുമായിട്ടാണ് കൂടുതൽ ഇടപെടൽ. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ പെട്ടെന്നുള്ള സമ്പൂർണ്ണമായ അടച്ചുപൂട്ടലും, വീട്ടിൽ തന്നെ എല്ലാവരും ഒതുങ്ങി കൂടിയതും എനിക്ക് മാനസികമായി വലിയപ്രയാസമായിരുന്നു. ദിവസങ്ങൾ ഓരോന്നും തള്ളി നീക്കികൊണ്ടിരുന്നു. പിന്നീട് ഞാൻ കൊറോണക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവർത്തിക്കാൻ തുടങ്ങി. എന്റെ പഞ്ചായത്തിലെ സന്നദ്ധസേന വളണ്ടിയറായി എന്നെയും നിയോഗിച്ചു. അന്ന് മുതൽ ഇപ്പോഴും ഈ മഹാമാരിക്കെതിരെയുള്ള പ്രതിരോധപ്രവർത്തനങ്ങളാണ് എന്റെ കൊറോണക്കാല അനുഭവങ്ങൾ. നിരീക്ഷണത്തിൽ കഴിയുന്ന ആളുകൾക്ക് ആവശ്യമായതൊക്കെ എത്തിച്ചു നൽകാനും, പോസിറ്റീവ് ആയ രോഗികൾക്ക് ഭക്ഷണം എത്തിക്കാനും,പോസിറ്റീവ് ആയ വീടുകഅണുവിമുക്തമാക്കാനും തുടങ്ങി പോസിറ്റീവ് ആയി മരണപ്പെട്ടവരെ സംസ്കരിക്കുന്ന കാര്യങ്ങൾ വരെ ഇതിന്റെ ഭാഗമായി നിന്ന് വളണ്ടിയറായി ചെയ്തു പോരുന്നു.

ഇതിനിടയിൽ മറക്കാനാവാത്ത ഒരു അനുഭവമുണ്ട്,ഒരു ദിവസം രാത്രി ഒരു 10 മണി കഴിഞ്ഞ് എന്റെ വാർഡ് മെമ്പർ സജിത്തേട്ടൻ എന്നെ വിളിച്ച് എന്റെ വീടിന്റെ ഒരു 2 കിലോമീറ്റർ അപ്പുറത്തുള്ള ഒരു ബസ്സ്സ്റ്റോപ്പിൽ ഒരു അന്യ സംസ്ഥാന തൊഴിലാളി കുഴഞ്ഞു വീണിട്ടുണ്ട്, ഞാൻ സ്ഥലത്തില്ല പെട്ടെന്ന് അങ്ങോട്ട് ഒന്ന് പോയി നോക്കണമെന്നും പറഞ്ഞു. അപ്പോ തന്നെ ഞാൻ അവിടേക്ക് പോയി. എത്തിയപ്പോൾ അവിടെ ഒരു പത്ത് പതിനഞ്ച് പേരെങ്കിലും ഉണ്ടായിരുന്നു. എന്നാൽ ആരും തന്നെ വീണയാൾക്ക് കൊറോണ ആയിരിക്കും എന്ന് പറഞ്ഞ് ആയാളെ എടുക്കാനോ ആശുപത്രിയിലെത്തിക്കാനോ ഒന്നും തയ്യാറാവുന്നില്ല. കൊറോണയുടെ പേര് പറഞ്ഞ് എല്ലാവരും ഒഴിഞ്ഞുമാറി. തിടുക്കത്തിൽ പോയതിനാൽ ആരെയെങ്കിലും വിളിക്കണമെങ്കിൽ തന്നെ ഞാൻ ഫോണും എടുത്തിരുന്നില്ല. അവിടെ കൂടിയ പലരോടും ഞാൻ ഒരാൾ കൂടെ സഹായിച്ചാൽ ആശുപത്രിയിലെത്തിക്കാം എന്ന് പറഞ്ഞു. എന്നാൽ ആരും തയ്യാറായില്ല. യാദൃശ്ചികമായി വന്ന ഒരു പോലീസുകാരൻ എന്റെ ഒപ്പം നിന്ന് അവിടെയുള്ളവരോട് പറഞ്ഞു "ഇന്ന് അല്ലെങ്കിൽ നാളെ ചിലപ്പോ നിങ്ങൾക്കും എന്തും സംഭവിക്കാം, ഒരു മനുഷ്യജീവനാണ് ഇത്. അതാണ് വലുത് " എന്ന്. അങ്ങനെ ഞാനും പോലീസുകാരനും കൂടി അയാളെആശുപത്രിയിലെത്തിച്ചു. അന്ന് രാത്രി അവിടെ നിന്നു.അയാൾക്ക് പിറ്റേന്ന് രാവിലെ ബോധം വന്നു. ടെസ്റ്റ് ചെയ്തപ്പോ നെഗറ്റീവും ആണ്. കാര്യങ്ങൾ അറിഞ്ഞ അയാൾ ഞങ്ങളെ കണ്ടപ്പോ കൈ കൂപ്പി കണ്ണ് നിറഞ്ഞു നിന്നു. ആ ഒരു നിമിഷം ജീവിതത്തിൽ കിട്ടിയ വലിയ അംഗീകാരമായി തോന്നി. ഒരുപാട് അഭിമാനം തോന്നി. പിന്നീട് ഇങ്ങോട്ടും വളണ്ടിയറായി തന്നെ ഇപ്പോഴും കൊറോണക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായിപ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് കൊറോണക്കാലത്തെ മറക്കാനാവാത്ത ഒരു അനുഭവം.

എല്ലാവരും ശുഭപ്രതീക്ഷയോടെ മുന്നോട്ട് പോവുക. പ്രതിസന്ധികളെ പുഞ്ചിരിച്ചു കൊണ്ട് തരണം ചെയ്യുക. മനുഷ്യത്വം മരവിക്കാത്ത മനസുമായി നില കൊള്ളുക.ഇത് ഒരു അവസാനമല്ല ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്. തോൽക്കരുത്, ഈ നേരവും കടന്നു പോവും. ഈ കെട്ടകാലത്തിനപ്പുറം ഒരു പ്രകാശം നമ്മെതേടിയെത്തും ഉറപ്പ്....

നാം അതിജീവിക്കുക തന്നെ ചെയ്യും....

അർജിത്ത് വി.കെ



# കൊട്ടാക്കമ്പൂർ യാത്ര

" നായാട്ട് " എന്ന പുതിയ സിനിമയിൽ കൊട്ടാക്കമ്പൂരും വട്ടവടയും മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു... സിനിമ പകുതിയും മൂന്നാറും വട്ടവടയും കൊട്ടാക്കമ്പൂരുമാണ് ഷൂട്ട് ചെയ്തത്.നല്ല ചിത്രം താരങ്ങളെല്ലാം നല്ല അഭിനയം കാഴ്ച വച്ചു.ഒപ്പം മനോഹരമായ സ്ഥലങ്ങളും കാണിച്ചപ്പോൾ സിനിമ സൂപ്പറായി എഴുതിയാലും വർണ്ണിച്ചാലും തീരാത്ത മനോഹരമായ കാഴ്ചകൾ നിറഞ്ഞസ്ഥലമാണ് കൊട്ടാക്കമ്പൂർ ... തമിഴും മലയാളവും ഇട കലർത്തി സംസാരിക്കുന്നവരുടെ ഒറ്റപ്പെട്ട ഗ്രാമം.. മൂന്നാറിൽ നിന്ന് നാൽപ്പത്തെട്ട കിലോമീറ്റർ അകലെയാണ് മനോഹരമായ കൊട്ടാക്കമ്പൂർ . ഈ ഗ്രാമത്തിനു സമീപമാണ്' കമ്പക്കല്ല് ' (മുൻപ് കഞ്ചാവ് കൃഷിക്ക് പേരുകേട്ട സ്ഥലം). എന്നാൽ ഇന്ന് ഇവിടെ നിന്നും കഞ്ചാവ് കൃഷിക്കാരെ ഉൻമൂലനം ചെയ്യുവാൻ വനംവകുപ്പിനു സാധിച്ചു .കമ്പക്കല്ലിൽ നിന്നും കുറച്ചു ദൂരം പോയാൽ കൊടൈക്കനാലിൽ എത്താം. പക്ഷേ ഈ വഴി സഞ്ചാരയോഗ്യമല്ല. ആരെയും വനംവകുപ്പ് അതിലെ കടത്തിവിടുകയില്ല. (ഇതിലെയുള്ള വഴി നന്നാക്കിയെടുക്കുവാൻ സാധിച്ചാൽ ഇരു സംസ്ഥാനങ്ങൾക്കും ടൂറിസം രംഗത്ത് വൻ ഉയർച്ച ഉണ്ടാകുമായിരുന്നു) കൊട്ടാക്കമ്പൂർ ഒറ്റപ്പെട്ട ലോകമാണ് ! മൂന്നാറിനെക്കാളും തണുപ്പാണിവിടെ. എങ്ങും ഹരിതഭംഗി !! പേരിനു വനങ്ങൾ കാണാം...ബാക്കി എവിടെ നോക്കിയാലും തട്ട് തട്ടായി തിരിച്ച കൃഷിയിടങ്ങളും ഒറ്റമുറി വീടുകളും. തനി നാടൻ കാഴ്ചകൾ...



കടുക് പാടങ്ങളും, സ്ട്രോബറിയും, ആപ്പിളും, കോളിഫ്ലവറും, ബീറ്റ്റൂട്ടും, ഉള്ളിയും, ബീൻസും, ഉരുളക്കിഴങ്ങും, വെളുത്തുള്ളിയും, കാരറ്റും, കാബേജും ആണ് ഇവിടെ കൂടുതലും കൃഷി ചെയ്തിരിക്കുന്നത്. കാലുകൾ കൂട്ടിക്കെട്ടിയ കോവർ കഴുതകളുടെ പുറത്തുവെച്ച് പച്ചക്കറികൾ -

കോവിലൂർ  ചന്തയിലെത്തിക്കും. മലമുകളിൽ നിന്നു പൈപ്പ് വഴിയാണ് കൃഷിയിടങ്ങളിലേക്ക് ജലമെത്തിക്കുന്നത്.വനപ്രദേശമാണെ ഇവിടെ വന്യ മൃഗങ്ങളുടെ ശല്യമില്ല. ചുറ്റും മലനിരകളും പാറക്കെട്ടുകളും നിറഞ്ഞ



കൊട്ടാക്കമ്പൂർ  മനോഹരമായ പ്രദേശമാണ്. മൂന്നാറിൽ നാലു ഡിഗ്രി സെൽഷ്യസാണ് താപനിലയെങ്കിൽ ഇവിടെ പൂജ്യമായിരിക്കും. ശീതകാല പച്ചക്കറികളുടെ കേന്ദ്രമാണ് ഈ സുന്ദര ഗ്രാമം.വട്ടവട യാത്രയിൽ പകർത്തിയ ചിത്രങ്ങളും, ചിത്രങ്ങൾക്കൊപ്പം ചെറിയ വിവരണവും ഇവിടെ കൊടുക്കുന്നു.



മൂന്നാറിൽ നിന്ന് മാട്ടുപെട്ടി - കുണ്ടള - ടോപ്പ് സ്റ്റേഷൻ വഴി വട്ടവടയും, കോവിലൂരും പിന്നിട്ടു വേണം കൊട്ടാക്കമ്പൂർ എത്താൻ.മഞ്ഞു പുതച്ച തണുത്ത വഴിയിലൂടെ അവിടേക്കുള്ള യാത്ര തന്നെ മനോഹരമാണ്. ' നായാട്ട് ' എന്ന ചിത്രത്തിൽ വളരെ  മനോഹരമായി വട്ടവടയും പരിസരപ്രദേശങ്ങളും ചിത്രീകരിച്ചിരിക്കുന്നു. ഈ സിനിമ കണ്ടപ്പോൾ കൊട്ടാക്കമ്പൂരു പോകണം എന്ന് ആഗ്രഹം...സമയം ശരിയല്ലല്ലോ .... വീട്ടിലിരിക്കാം...ലോകം മുഴുവൻ സഞ്ചരിക്കുന്ന കോറോണ എന്ന സഞ്ചാരി ആരിൽ കയറണം എന്നോർത്ത് നടക്കുന്ന ഈ സമയം ആഗ്രഹങ്ങൾ ഉള്ളിലൊതുക്കി വീട്ടിൽ ഇരിക്കാം.... ഈ നാളുകളും കടന്നു പോകും... ബന്ധപ്പെട്ട അധികാരികൾ പറയുന്നത് അനുസരിച്ച് നമുക്ക് ഒരുമിച്ച് നിൽക്കാം...എല്ലാവരും വീട്ടിൽ ഇരിക്കുമ്പോൾ സ്വന്തം ജീവൻ പണയപ്പെടുത്തി ജോലി ചെയ്യുന്ന പോലീസുകാർക്കും ആരോഗ്യ പ്രവർത്തകർക്കും  ബന്ധപ്പെട്ട അധികാരികൾക്കും സല്യൂട്ട് ഏത് മഹാമാരി ആയാലും നമ്മൾ അതി ജീവിക്കും.



കൃഷ്ണേന്ദു. ടി ആർ

# പ്രചോദനം..

19/06/2020 വെള്ളി

ഇന്ന് അല്പം വൈകിയാണ് ഞാൻ എഴുന്നേറ്റത് കൊറോണക്കാലമായതിനാൽ എല്ലാ ദിവസവും ഒരുപോലെയാണ് പോകുന്നത്. പതിവില്ലാതെ ഞാൻ ടീവി യിൽ വാർത്ത കണ്ടപ്പോൾ മനസ്സിനെ വല്ലാതെ ഭയപ്പെടുത്തുന്ന ഒരു വാർത്തയും ഉണ്ടായിരുന്നു. രൂപമാറ്റം വന്ന കൊറോണ വൈറസിനെ പറ്റിയായിരുന്നു അത്. അത് കണ്ട് ഞാൻ ആകെ സങ്കടപ്പെട്ടു. പ്രഭാതകൃത്യം ഒക്കെ കഴിഞ്ഞു ഞാൻ പുറത്തിരുന്നപ്പോൾ ഇന്ന് വായനദിനമായതിനാൽ എന്റെ ഒരു സുഹൃത്ത് എനിക്ക് ഒരു പുസ്തകം വായിക്കാൻ തന്നു. അത് ഡോ. അബ്ദുൽ കലാമിന്റെ അഗ്നിച്ചിറകുകൾ എന്ന പുസ്തകമായിരുന്നു. ഉച്ചക്ക് ശേഷം ഞാൻ അത് വായിക്കുവാൻ തുടങ്ങി. അത് എന്റെ മനസ്സിനെ വല്ലാതെ സ്വാധീനിച്ചു. പ്രശ്നങ്ങൾ വരുമ്പോൾ അതിനെ ഭയത്തോടുകൂടി അഭിമുഖീകരിക്കരുത് എന്ന് എനിക്ക് മനസ്സിലായി. ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് രാഷ്ട്രപതിയായി മാറിയ അസാധാരണ ജീവിതമാണ് ആ പുസ്തകത്തിന്റെ പ്രമേയം. അദ്ദേഹം എങ്ങനെ മിസൈൽ സാങ്കേതിക വിദ്യയുടെ അമരക്കാരനായി എന്ന് ഈ പുസ്തകം വിശദീകരിക്കുന്നു. ആ പുസ്തകത്തിൽ നിന്ന് കിട്ടിയ സന്ദേശം ഉൾക്കൊണ്ട് അത്താഴം കഴിച്ച് കിടന്നു...



# വിശപ്പ്

നൗഫിയ എൻ

ആർഭാട ജീവിതമാസ്വദിച്ചീടുന്ന നേരത്ത്
പാകമായൊരാഹാരമതു നഷ്ട പ്രണയത്താൽ
പാഴാക്കി വിരഹ വേദനയറിഞ്ഞു ഞാൻ
പ്രണയം നൽകിയ വേദനയോളം മറ്റൊന്നുമില്ലെന്ന്
ഞാൻ എന്നോട് തന്നെയോതീടവേ...
അഷ്ടിക്ക് വകയില്ലാത്തൊരവസ്ഥയിലൂടെ
പോകുന്ന നേരത്ത് അടുപ്പ് പുകയാതെ പിറന്നോരാ
ഭീമാകാരനായ വിശപ്പിന്മേൽ ജീവൻ നിലനിർത്താൻ
ഇരക്കേണ്ടി  വരുന്നതിലും മുറിവേറിയ വേദന മറ്റൊന്നിനു
മില്ലെന്നറിഞ്ഞു ഞാൻ ദാരിദ്ര്യത്തിന്റെ ഇരുട്ടിൽ
പുകയാത്തോരാ അടുപ്പതിൽ അയൽ പക്കത്തു നിന്നിരന്നു
ലഭിച്ച അരിമണിയാലെനിക്ക് ചോറും കഞ്ഞി
വെള്ളവും തന്നു പൈദാഹമകറ്റിയ എന്നമ്മയോളം
സ്നേഹം മറ്റൊന്നുമില്ലന്നറിഞ്ഞു ഞാൻ
പട്ടിണിയിൽ പിറന്ന വിശപ്പോളം വേദന
പഴിയിൽ പിരിഞ്ഞ പ്രണയത്തിനില്ലയെന്ന്
ദാരിദ്ര്യത്തിൻ വെളിപ്പെടുത്തലിലൂടെ അന്നറിഞ്ഞു ഞാൻ.

ഹരിശാന്ത് ജെ



# ഓർമ്മകളിലെ മംഗളാദേവി

മംഗളാദേവി കണ്ണകി ടെമ്പിൾ : കമിളിയിൽ നിന്നും ഏകദേശം 12km ഉള്ളിലായി സ്ഥിതി ചെയ്യുന്നു.2000 കൊല്ലം പഴക്കമുള്ള ലോകത്തിലെ ഏക കണ്ണകി ക്ഷേത്രമാണ് ഇത്.വർഷത്തിൽ ഒരു തവണ മാത്രമേ ഇവിടേക്ക് പോകുവാൻ സാധിക്കുകയുള്ളൂ. മേട മാസത്തിലെ ചിത്രപൗര്ണമി നാളിലാണ് മംഗളാദേവി മഹോത്സവം നടക്കുന്നത്.പൗർണമി നാളിൽ രാവിലെ 6 മണി മുതൽ ബസ് സ്റ്റാൻഡിനു സമീപമുള്ള മോട്ടോർ വെഹിക്കിൾ ഡിപ്പാർട്മെന്റിന്റെ പ്രത്യേകം കൗണ്ടർ പോകുവാൻ വേണ്ടിയുള്ള പാസ് നൽകി തുടങ്ങും .പാസ് വാങ്ങുവാൻ ക്യാഷ് ആവശ്യമില്ല എന്നാൽ ഇവിടെ നിന്നും ജീപ്പിൽ പോകാൻ one side 100 രൂപയാണ് ചാർജ് .ജീപ്പിൽ പോകുന്നുവെങ്കിൽ മാത്രം ഇവിടെ നിന്ന് പാസ് വാങ്ങിയാൽ മതി.കമിളിയിൽ നിന്നും കൊക്കരക്കണ്ടം വഴി (12km) നടന്നോ കമ്പത്തുള്ള ലോവർ ബേസ് ക്യാമ്പ് വഴി (7km ) നടന്നോ അമ്പലത്തിൽ എത്തിചേരാവുന്നതാണ്. 2 വഴികളും രണ്ട്അനുഭവങ്ങളാണ് നമുക് നൽകുന്നത് . ജീപ്പിലാണ് യാത്ര എങ്കിൽ പൂർണമായും മികച്ച ഒരു off-road അനുഭവം ലഭിക്കുന്ന .പെരിയാർ ടൈഗർ റിസർവിന് ഉള്ളിലൂടയാണ് യാത്ര 6 മണിക്കേ ഫോറെസ്റ് ചെക്ക് പോസ്റ്റ് ഓപ്പൺ ആകു ,ഇതുവഴി നടന്നോ ജീപ്പിലോ നമുക്ക് പോകാ വുന്നതാണ് . പൂർണമായും സംരക്ഷിത മേഖല ആയതിനാൽ പ്ലാസ്റ്റിക് ബോട്ടേൽ ഒന്നും തന്നെ കൊണ്ട് പോകാൻ സാധിക്കുകയില്ല .അകത്തു കർശനമായ ചെക്കിങ് ഉണ്ടായിരിക്കുന്നതാണ് .ബാഗോ മറ്റു സാധനങ്ങളോ കയ്യിൽ ഉണ്ടെങ്കിൽ നമുക്ക് ചെക്ക് പോസ്റ്റിൽ കൊടുത്ത് കൂപ്പൺ മേടിക്കാവുന്നതാണ് .നമ്മൾ സഞ്ചരിക്കുന്ന 12km റോഡ് എല്ലായിടത്തും പോലീസ് ഫോറസ്റ്റ് ഗാർഡ്സ് ഉണ്ടായിരിക്കുന്നതാണ് . പോകുന്ന വഴിക്ക് വെള്ളം ഹോസ്പിറ്റൽ സൗകര്യം എല്ലാം ലഭ്യമാണ് . കാട്ടിലൂടെ ആണ് സഞ്ചരിക്കുന്നത് എങ്കിലും വന്യമൃഗങ്ങളെ ഒന്നും തന്നെ കാണാൻ സാധിക്കുന്നതല്ല. ആളുകളുടെ സാന്നിധ്യം മനസിലാക്കി അവ ഉൾകാട്ടിലേക്ക് പിൻവലിയും. മുകളിലെ ക്ഷേത്രത്തിൽ എത്തി ചേർന്നാൽ അവിടെ രണ്ട് ക്ഷേത്രങ്ങളും( ഒരു ശിവ ക്ഷേത്രവും കണ്ണകി ക്ഷേത്രവും ) അവയുടെ ഉപ പ്രതിഷ്ഠകളും ഉണ്ട്.ശിവ ക്ഷേത്രം കേരളത്തിലും കണ്ണകി ക്ഷേത്രം തമിഴ്നാട്ടിലും ആണ് സ്ഥിതി ചെയ്യുന്നത് എന്നതും ഇവിടുത്തെ ഒരു പ്രത്യേകത ആണ് ഇതുകൊണ്ട് തന്നെ കേരളത്തിനും തമിഴ്നാടിനും തുല്യ അവകാശമാണ് ഉള്ളത് .ഇവിടെ മുകളിൽ നിന്നും നോക്കുമ്പോൾ കമ്പം തേനി മുഴുവനായും നമുക്ക് കാണാൻ കഴിയുന്ന . അതുപോലെ ഇവിടെ നിന്നും മധുര വരെ ഒരു തുരങ്കം ഉണ്ട് പണ്ട് പണിഞ്ഞതാണ് എന്നാൽ അതിലേക് പ്രവേശനം ഇല്ല അടച്ചിരിക്കുകയാണ്. തുരങ്കത്തിന്റെ തുടക്കം നമുക് അവിടെ കാണാൻ കഴിയും. എന്തായാലും പോകുന്നവർക് ഒരു മികച്ച അനുഭവം തന്നെ ആകും മംഗളാദേവി.

ഐതിഹ്യം : ഇളംകോവടികളുടെ ചിലപതികരമാണ് കഥ. മധുര മുഴുവൻചുട്ടെരിച്ച കണ്ണകി അവിടെ നിന്ന് കമളിയിൽ എത്തി ഇവിടെ കുടിയിരുന്നു എന്നാണ് ഐതിഹ്യം.



# മഴ

അൽഫോൻസ മാക് സൺ

എന്നും പ്രണയമാണ് മഴയേ എനിക്ക് നിന്നോട്
നീ എനിക്ക് എന്നും മനോഹരിയാണ്.
നിന്റെ ആ തണുത്ത ളുവൽ സ്പർശം,
എന്നെ തൊട്ട് തലോടുന്ന കുളിർ കാറ്റ്
മിന്നൽ ചാട്ടൊളികൾ, ഇടിമുഴക്കത്തിന്റ കരഘോഷം
നിന്റെ ആ ഇളം തണുപ്പിൽ മൂടിപുതച്ചുറങ്ങാനുള്ള കൊതി
പ്രണയമാണ് എനിക്ക് എന്നും നിന്നോട്.
മഴ അവളുടെ ഇളം തണുപ്പിനാൽ വേനൽ കൊണ്ട് വരണ്ട
ഭൂമിയെ തണുപ്പിന്റ മനോഹരമായ പട്ടാൽ മൂടുന്നു.
വൃക്ഷ ലതാതികളിലേക്ക്  മഴത്തുള്ളികൾ പെയ്തിറങ്ങുന്നു
അവയ്ക്കും പ്രണയമാണ് മഴയോട്.
നിന്റെ വരവിനാണ് അവർ കാത്തിരിക്കുന്നത്,
വേനലാൽ വാടിനിൽക്കുന്ന ചെടികളെ നീ നിന്റെ-
മഴത്തുള്ളികളാൽ ചുംബിക്കുന്നു അവയെ തരളിതമാക്കുന്നു.
ഓടിവന്ന് സങ്കടം പറയുമ്പോൾ ഒപ്പമിരുന്നു
കരയുന്ന ഒരേ ഒരാൾ മഴയേ അത് നീയാണ്.
നീ എന്റെ സങ്കടങ്ങളെ നിൻ  തുള്ളികളാൽ ഒപ്പിയെടുക്കുന്നു,
എന്നിൽ നറു പുഞ്ചിരി വിടർത്തുന്നു.
എനിക്ക് എന്നും പ്രിയമാണ് നിന്നോട്
നിന്റെ ആ ഇളം തണുപ്പ് എനിക്ക് എന്നും ഏറെ പ്രീയപ്പെട്ടതാണ്
എന്നും പ്രണയമാണ് മഴയേ എനിക്ക് നിന്നോട്...



സവിൻ ടി.പി

# ചിത

എഴുതാൻ ഒന്നുമില്ലാതെ നിശ്ചലം!
നിഷേധിക്കാൻ തോന്നിയില്ല...
തീർത്തും എന്നിലെ മധുരം
നഷ്ട്പ്പെട്ടതാവണം, അതോ
വായ് മൂടികെട്ടി  ഒരു പ്രതീകാത്മക
സമരത്തിലേക്ക് ?
തീർച്ചയായും അതിനപ്പുറം
പ്രതീക്ഷയ്ക്ക് വകയുണ്ട്.
നിശബ്ദത സമ്മാനിക്കാതെ
നനയാതെ, വെയിലേറ്റ് വാടാതെ
ആവർത്തനങ്ങൾക്ക് ഭക്ഷണമായും
അയാഥാർത്ഥ്യതയെ പുണർന്നും
ഞാൻ തീർത്തും ശൂന്യമായിരിക്കുന്നു!
എനിക്ക് ചിരിക്കണമെന്നുണ്ട്
'നിഷ്കളങ്ക'മായിത്തന്നെ
പക്ഷേ നിഷ്കളങ്കത ചിതലരിച്ചും
ചിരി മാംസപേശികളിൽ ഒതുങ്ങിയും
പോയതിനാൽ
ഞാൻ എല്ലാം കൈയ്യൊഴിയുന്നു.



അസ്സിയ എൻ ഒ

# ഇഷ്ടം

കുറെ വർഷങ്ങൾക് ശേഷം വീണ്ടും ഒരു യാത്രക്ക് ഒരുങ്ങി ഇറങ്ങിയതാണ്. ആരോടും യാത്ര പറയേണ്ടി വന്നില്ല.... അമ്മയോടും അച്ഛനോട് പോലും. കൊച്ചിലെ ഞാൻ നടന്നു തുടങ്ങുമ്പോൾ അവരുടെ മുഖത്തു കണ്ട സന്തോഷം തന്നെ ഞാൻ ഇന്നലെയും അവരിൽ കണ്ടു. ഇന്നെനിക്ക് 28 വയസ്സ് തികയുന്നു. 6 വർഷങ്ങൾക്ക് ശേഷം ഇന്നലെയാണ് കിടക്കയിൽ നിന്നും എഴുന്നേൽക്കുന്നത്. അതുകൊണ്ടായിരിക്കും, യാത്ര പറയാൻ ചെന്നപ്പോൾ രണ്ടാളും പോയി വരാൻ പറഞ്ഞു. എന്നെ കൊണ്ട് ഒരക്ഷരം പോലും പറയാൻ സമ്മതിച്ചില്ല. എന്തോ നല്ല ഭംഗി ഉണ്ട് എല്ലാം കാണാൻ; പ്രകൃതിയും കെട്ടിടങ്ങളും എല്ലാം. 6 വർഷം ഒരേ കിടക്കയിൽ ആ ജനലിൽ കൂടി കാണാൻ കഴിയുന്നത് മാത്രം ആയിരുന്നു അതിലൂടെ വന്നിരുന്ന കുറച്ച് വെളിച്ചവും.. അതൊക്കെ കൊണ്ടാവാം. വെളുപ്പിനെ തന്നെ കോട്ടപാറ എത്തി ഈ മല മുകളിൽ കയറി നിന്ന് താഴേക്ക് നോക്കുമ്പോൾ കിട്ടുന്ന ഒരു ഫീൽ ഉണ്ട്. നേരം വെളുത്തു തുടങ്ങുമ്പോൾ കോട വന്നു മൂടി നിൽക്കും... നല്ല ഭംഗി ഉണ്ട്.. പക്ഷെ ഞാൻ ഈ മലനിരകളും ഭംഗിയും ആസ്വദിക്കാൻ മാത്രമായി ഇറങ്ങിയതല്ല. അവൾ, എപ്പോഴോ എന്നെ വിട്ടകന്ന അവളെ തേടി കൂടിയാണ്. ചിലപ്പോ ഞാൻ ഇനി കിടക്കയിൽ നിന്നും എഴുന്നേൽക്കില്ല എന്നു കരുതി ആയിരിക്കും അവളും പോയിട്ടുണ്ടാവുക അല്ലെ... എന്തായാലും ഇടുക്കിയിൽ എവിടെയോ ഉണ്ടെന്ന് ഒരറിവ് കിട്ടിയിട്ടുണ്ട്. ഒന്ന് പോയി വരാം. സന്തോഷം ആയിട്ടാണോ ജീവിക്കുന്നെ എന്ന് നോക്കാല്ലോ. കുട്ടികളൊക്കെ ആയിട്ടുണ്ടാവും. ആ കിടക്കയിൽ കിടന്ന് ഞാൻ ആകെ ആഗ്രഹിച്ച കാര്യം ഇതായിരുന്നു അവളെ ഒന്ന് കാണണം എന്ന്. "ഈ യാത്രകൾക്ക് ഒക്കെ ഒരു അർത്ഥം ഉണ്ടാവുന്നത് പ്രിയപ്പെട്ടവരെ തേടി പോവുമ്പോൾ ആണ്"

6 വർഷങ്ങൾക് മുൻപ് അവളുമായി രാവിലെ ബൈക്കിൽ ഒരു യാത്രക്ക് ഇറങ്ങിയതാണ്. എന്തോ ഞാൻ അതുവരെ അനുഭവിച്ച ജീവതം ആരോ എഴുതി തീർത്ത കവിത പോലെ ആയിരുന്നു... എല്ലാം ഉണ്ടായിരുന്നു എനിക്ക്; സ്വന്തം ആയിട്ടും അല്ലാതെയും... ഞങ്ങൾ ഏറ്റവും അധികം സന്തോഷിച്ച നിമിഷം ആയ്യിരുന്നു. അവൾ ആദ്യമായി എന്റെ ബൈക്കിന്റെ പുറകിൽ... പതുക്കെ തന്നെ ആണ് പോയത്... ഓവർ ടേക്ക് ചെയ്യാൻ വേണ്ടി മുൻപോട്ട് എടുത്തതും ആക്സിലേറ്ററിന്റെ കേബിൾ പൊട്ടി പോയി. സൈഡിലേക്ക് ഒതുക്കാൻ നോക്കി നടന്നില്ല. ഒരു ബസ്സിന്റെ നടുവിലേക്ക് ഇടിച്ചു കയറി എന്റെ ബൈക്ക്. അവൾ തെറിച്ചു പോയി റോഡരികിലേക്ക് വീഴുന്നത് ഞാൻ നോക്കി കിടന്നു. ദേഹം മുഴുവൻ ചോര ആയിരുന്നു. അറിയാതെ എന്റെ കണ്ണടഞ്ഞു പിന്നീട് കണ്ണ് തുറന്നു നോക്കുമ്പോൾ വീട്ടിലെ കിടക്കയിൽ ആണ്. അമ്മ അടുത്തുണ്ട് ആ കണ്ണിലെ കണ്ണുനീർ കാണാം നന്നായിട്ട്... ഭാഗ്യം ജീവൻ തിരിച്ചു കിട്ടി... ഞാൻ ചോദിച്ചു അമ്മയോട് അവൾ എന്നെ തിരക്കുമായിരുന്നോ എന്ന്. കുറച്ച് ദിവസങ്ങൾ വന്നു പോയി നിന്റെ അടുത്തിരുന്നു കരഞ്ഞു എന്നൊക്കെ പറഞ്ഞു അമ്മ... ഒന്ന് കാണാൻ പോലും കഴിഞ്ഞില്ലല്ലോ ഈശ്വര എന്നോർത്ത് കരഞ്ഞിട്ടുണ്ട് ഞാൻ. സ്നേഹം അല്ലെ അത്ര പെട്ടന്ന് മറക്കാൻ പറ്റുവോ... ആത്മാർത്ഥമായി സ്നേഹിക്കുന്നവർക്ക് ആർക്കും പറ്റില്ല.....

പഴയ ഓർമ്മകൾ ഒക്കെ ഒന്ന് പുതുക്കാല്ലോ... പണ്ട് അപകടം ഉണ്ടായ അവിടെ പോയി കുറെ നേരം ഇരുന്നു. "yes life has given me a second chance..."
ദൈവ വിശ്വാസം നഷ്ടപെട്ട ഞാൻ വർഷങ്ങൾക് ശേഷം കൊട്ടുപാറ ഇറങ്ങി അവിടെ ഉള്ള രൂപത്തിന് മുൻപിൽ പോയി പ്രാർത്ഥിച്ചു... വീണ്ടും യാത്ര തിരിച്ചു. കൂട്ടത്തിൽ ആരേലും കൂടി വേണ്ടതായിരുന്നു എന്ന് തോന്നുന്നു.. പക്ഷെ ഓർമകളെകാൾ കൂട്ട് വേറെ ഉണ്ടോ... പണ്ടത്തെ ഓർമകളും മനസ്സിലിട്ടുകൊണ്ട് അവളെ തേടി ഉള്ള ഈ യാത്രക്കും കാണുന്ന കാഴ്ചകൾക്കും ഒക്കെ നല്ല ഭംഗി ആയിരുന്നു. മുഴുവനായിട്ട് അങ്ങോട്ട് ആസ്വദിക്കാൻ പറ്റുന്നില്ല. എന്തോ ഉള്ളിൽ കിടന്നു നീറുന്നു.... ഇടക്കൊക്കെ നിർത്തും ബൈക്ക് ഒതുക്കി അതിൽ ചാരി അങ്ങനെ ഇരിക്കും... പിന്നേം യാത്ര തുടർന്നു.... ഒടുവിൽ ഒരു കൂട്ടുകാരൻ തന്നേല്പിച്ച മേൽവിലാസത്തിൽ അവളുടെ വീട്ടിൽ എത്തി.... കുറെ നേരം ആ പടിവാതിൽക്കൽ തന്നെ നിന്നു. പല ചിന്തകൾ ആയിരുന്നു. എങ്ങനെ കയറി ചെല്ലും, എന്തു പറയും, എന്നെ ആർകെങ്കിലും ഓർമ കാണുവോ എന്നൊക്കെ.... ഞാൻ രണ്ടും കല്പിച്ചു അകത്തേക്ക് കയറി. പെട്ടന്ന് ഒരു കൊച്ചുകുട്ടി എന്നെ വന്നിടിച്ചു... വല്ലതും പറ്റിയോ എന്നുപോലും ചോദിക്കാൻ കഴിഞ്ഞില്ല ഏകദേശം ഒരു 5 വയസ്സ് പ്രായം കാണും നല്ല ചിരി ചിരിച്ചോണ്ട് ഓടിപോയി... ഞാൻ അകത്തേക്ക് ചെന്നു അവളുടെ  അമ്മ എന്നെ കണ്ടു. വെള്ളവുമായി പോവുകയായിരുന്ന അവരുടെ കയ്യിൽ നിന്നും ഗ്ലാസ്സ് നിലത്ത് വീണ് പൊട്ടി ചിതറി. എല്ലാവരും ഹാളിലേക്ക് ഓടിയെത്തി. അമ്മയെ നോക്കി ഞാൻ പറഞ്ഞു: "എന്നോട് ക്ഷമിക്കണെം... ആരെയും ഉപദ്രവിക്കാനും ശല്യം ആവാനും ഒന്നും വന്നതല്ല. പണ്ടെപ്പോഴോ കാണാതായ അവളെ തേടി വന്നതാണ്. അവൾ സന്തോഷം ആയിട്ടാണോ ഉള്ളത് എന്ന് അറിയണം. ആരുടേലും വായിൽ നിന്ന് അത് മാത്രം അറിഞ്ഞ മതി ഞാൻ പൊക്കോളാം..."
വീണ്ടും ആ കുട്ടി എന്നെ വന്നു തട്ടി. ഇത്തവണ അവന്റെ കയ്യിൽ കയറി പിടിച്ചു ഞാൻ അവന്റെ അടുത്തിരുന്നു തലോടി കൊണ്ട് ചോദിച്ചു: "അവളുടെ ആയിരിക്കും അല്ലെ?" ആ  കൊച്ചു കൈ തട്ടി മാറ്റി ഓടി അവളുടെ അമ്മയുടെ പുറകിൽ പോയി ഒളിച്ചു. അവർ ആരും ഒന്നും മിണ്ടുന്നില്ല. ആ കൊച്ചിനെ പതിയെ തള്ളി എന്റെ അരികിലേക്ക വിട്ടു. അവൻ എന്നെയും കൊണ്ട്, ആ പിഞ്ചു കൈ എന്റെ വിരലിൽ പിടിച്ച്... ഒരു മുറിയിലേക്ക് അവൻ കൈചൂണ്ടുന്നുണ്ട്. എന്താണെന്ന് അറിയാൻ ഞാൻ മെല്ലെ നോക്കി; ആ മുറിയിലെ ഒരു മൂലയിലേക്ക്...
ഒരു ഭ്രാന്തിയെ പോലെ അവൾ.., ഞാൻ പണ്ടെപ്പോഴോ വാങ്ങി കൊടുത്ത ചുരിദാറും ഇട്ട്... എന്റെ മനസിൽ അവളെ പറ്റി ഇത്രയും നാൾ ആലോചിച്ചു കൂട്ടിയത് എല്ലാം ഒരു ചീട്ടുകൊട്ടാരം പോലെ തകർന്നു വീഴുകയായിരുന്നു... ഞാൻ നിറഞ്ഞ കണ്ണുകളുമായി അവളുടെ അടുത്ത് പോയി ഇരുന്നു "അമ്മു" എന്ന് വിളിച്ചു. അവൾ മെല്ലെ തലപൊക്കി എന്നെ നോക്കി. ആ കണ്ണാടി പോലെ തിളങ്ങുന്ന അവളുടെ കണ്ണുകളിൽ മുഴുവൻ എന്നോടുള്ള സ്നേഹം ആയിരുന്നു... എന്നെ കെട്ടിപിടിച്ചു കുറെ നേരം കരഞ്ഞു. അടുത്തിരുന്നു കയ്യിൽ മുറുക്കെ പിടിച്ചു. വേദനിക്കുന്നുണ്ടായിരുന്നു; പക്ഷെ അറിഞ്ഞില്ല. എങ്ങും പോവാൻ സമ്മതിക്കില്ല എന്ന രീതിയിൽ അവൾ എന്നോടൊപ്പം... എല്ലാവർക്കും സന്തോഷമായി... വീണ്ടും അവളെ പഴയപോലെ തന്നെ മാറ്റി എടുത്തു. കുറെ ദിവസം ഞങ്ങൾ ഒരുമിച്ചു വീണ്ടും ഞാൻ അവളെയുമായി യാത്ര തിരിച്ചു..!

ശരിക്കും വീടിനുള്ളിൽ നിന്നല്ലാതെ പുറത്തു ഒരാളുടെ സ്നേഹം കിട്ടണേൽ ഭാഗ്യം ചെയ്യണം. ഈ കുറച്ച് ദിവസത്തെ എന്റെ യാത്രകൾ എന്നെ അത് പഠിപ്പിച്ചു....!



# വൃദ്ധൻ

ഗോപിക എം

അമ്മതൻ അമ്മിഞ്ഞപ്പാലിൻ
മധുരത്തെ കൈപ്പേറുന്നൊരു
കാഞ്ഞിരമായി കണ്ട് കാറിതുപ്പിയ
മനുഷ്യ വർഗ്ഗമേ, അച്ഛൻ
എന്ന മൂന്നക്ഷരത്തിന്റെ  മേന്മ
എന്തെന്നറിയാത്ത നിങ്ങളും
അവരിൽ ഒരാളുപോൽ ഓർക്കുകിൽ,
അതിൽഎന്ത് സംശയം കാലത്തിന്റെ
 കരാള ഹസ്തങ്ങളാൽ കോലം മാറിയ
മാനവ ജീവിതം കാലൻ നെയ്ത
വലയിൽ കുടുങ്ങാത്ത ജീവിതം അത്
ഒന്നുണ്ടോ മനുഷ്യന്,
ഇന്നു നീ ഈ മണ്ണിൽ
നേടിയതൊക്കെയും നാളെയീ മണ്ണിൽ
വിട്ടുപോയിടണം ആറടി മണ്ണ് വേണേൽ
നിനക്കു ഞാൻ ദാനമായി നൽകാം
എനിക്കാകുകിൽ.....



അജയ് എം.എസ്

# മിറക്കിൾ

മഹ്സുൻ കെർമ്മസഗൽ സംവിധാനം ചെയ്ത് 2015-ൽ പുറത്തുറങ്ങിയ തുർക്കിഷ് റൊമാറ്റിക് -ഫീൽ ഗുഡ്- ഡ്രാമ ചിത്രമാണ് മുജെസെ(MUCIZE) അഥവാ മിറക്കിൾ(MIRACLE).1960 കാലഘട്ടത്തിലെ ടർക്കി ആണ് ചിത്രത്തിന്റെ പശ്ചാത്തലം.തുർക്കിയിലെ നഗര പ്രദേശത്തു നിന്നും കുഗ്രാമത്തിലേക് മാഹിർ എന്നാ അദ്ധ്യാപകൻ എത്തുന്നത് മുതൽ അവിടെ സംഭവിക്കുന്ന ഹൃദയസ്പർശിയായ കഥകളാണ് മിറക്കിൾ.നിഷ്കളങ്കരും, പ്രാകൃതരും, നിരക്ഷരരും ആയിരുന്നു ഗ്രാമത്തിലെ ആളുകൾ. ഗവണ്മെന്റ് പോലും തഴഞ്ഞ തങ്ങളുടെ ഗ്രാമത്തിൽ എത്തിയ ആ അധ്യാപകൻ അവർക്ക് ദൈവ തുല്യനായി.എന്നാൽ ഒരു സ്കൂൾ പോലും ഇല്ലാതിരുന്ന സ്ഥലമായിരുന്നു അത്. മാഹിർ അവിടുത്തെ ജനങ്ങൾക്കൊപ്പം അവിടെ ഒരു ചെറിയ സ്കൂൾ പണി കഴിപ്പിക്കുന്നു.

സിനിമയുടെ പകുതിക്കു ശേഷമാണു മാഹിർ അല്ല ആ ഗ്രാമത്തിലെ മിറക്കിൾ എന്ന് നാം അറിയുന്നത്



കൈകാലുകൾക് ശെരിയായ ശേഷി ഇല്ലാത്ത, സംസാരിക്കാൻ കഴിയാത്ത, വായിൽ നിന്നും എപ്പോഴും തുപ്പൽ വരുന്ന അസീസ് എങ്ങനെ ആണ് ആ ഗ്രാമത്തിന്റെ മിറക്കിൾ ആവുന്നത് എന്നാതാണ് സിനിമയുടെ ഇതിവൃത്തം.
ചിത്രത്തിന്റെ അവസാനത്തി അസീസിന്റെ അച്ഛൻ അവനോട് നിനക്ക് എങ്ങന ആണ് അസുഖം ഭേദമായത് സർജറി വല്ലോം ചെയ്തോ എന്ന് ചോദിക്കുമ്പോൾ അവൻ ഇല്ല അച്ഛാ ഞാൻ എന്റെ ഭാര്യയുമായി പ്രണയത്തിലായി എന്ന് പറയുന്നിടത്ത് ഏത് ഒരു കാഴ്ചകാരന്റെയും കണ്ണ് നിറയും.

ചിത്രത്തിൽ എടുത്തു പറയേണ്ടത് ഓരോ കഥാപാത്രങ്ങളുടെയും അഭിനയ മികവ് ആണ്. അതിൽ തന്നെ അസീസിന്റെ കഥാപാത്രം മികച്ചു നിന്നു .മെർത്ത് തുറാക് എന്ന തുർക്കിഷ് നടൻ ആണ് അസീസ് ആയി അഭിനയിച്ചിരിക്കുന്നത്.ചിത്രത്തിലെ ഓരോ ഫ്രെയിമുകളും മികച്ചവ ആയിരുന്നു. ആ ഗ്രാമത്തിന്റെ ഭംഗി വളരെ നന്നായി ചിത്രത്തിൽ കാണാം.ഒപ്പം സിനിമയുടെ ആഖ്യാനം, കാസ്റ്റിംഗ്, പശ്ചാത്തല സംഗീതം, ക്യാമറ എന്നിവ മികച്ചതായിരുന്നു.വിദ്യാഭയസത്തിന്റെ പ്രാധാന്യം, വ്യക്തമായ രാഷ്ട്രിയം എന്നിവ ഈ ചിത്രത്തിൽ പ്രതിപാദിക്കുന്നു. മാത്രവല്ല പ്രണയം എത്ര മനോഹരം ആണെന്നും അത് ഒരു വ്യക്തിയെ എങ്ങനെ ഒക്കെ മാറ്റാം എന്നും ഈ ചിത്രത്തിൽ നമ്മുക്ക് കാണാം

ഏതൊരു സിനിമ ആസ്വാദകനും
ഉറപ്പായും കണ്ടിരിക്കേണ്ട ചിത്രം





ആദിരാജ് കൃഷ്ണ

# ഇനിയും പുനർജ്ജനിക്കാം

നീയായിരുന്ന കവിതതൻ
വരികളൊക്കെയും ഞാനായിരുന്നു.
ഞാനായിരുന്ന, വരികളിലെ
വാക്കുകളത്രയും നീയായിരുന്നു.
നീയായിരുന്ന
വാക്കുകൾതൻ വർണ്ണങ്ങളെത്രയും
നാമായിരുന്നു.
നാമായിരുന്ന വർണങ്ങൾ
നീയും ഞാനുമായ്
പിരിഞ്ഞിടില്ലും,
നാമായിരുന്ന സ്വപ്നങ്ങൾ
നിന്നിലേക്കുമെന്നിലേക്കും
ചുരുങ്ങീടില്ലും ,
നാം രണ്ടിതൾപോൽ
കൊഴിഞ്ഞിടില്ലും,
നമ്മുടെ പ്രണയം മരിച്ചീടില്ലും ,
നിന്നിലെ ഞാനും എന്നിലെ നീയും,
നമ്മിലെ നാമായ്
പുനർജനിക്കും



ഫാസില ടി.എ

# മരുഭൂമിയിലെ ഒട്ടകം

വളരെ വേഗത്തിൽ ആ ശബ്ദം കാതുകളിലേക്കെത്തി, എനിക്ക് പേടി തോന്നി. എന്തോ വേഗത്തിൽ പാഞ്ഞടുക്കുകയാണോ? പെട്ടന്ന് ഞാൻ തിരിച്ചറിഞ്ഞു, അത് കാറ്റിന്റെ ശബ്ദമാണ്.വളരെ വേഗത്തിൽ മണ്ണിനെ ചുഴറ്റി മുകളിലേക്ക് പൊക്കിയെറിഞ്ഞു പാഞ്ഞടുക്കുന്ന കാറ്റ്. കാറ്റിനോടൊപ്പം ശബ്ദവും ചലിച്ചു കൊകൊണ്ടേയിരുന്നു .കാറ്റു പോകുന്ന വഴിയേ.

മുഖവും കാതുകളും മൂടി കെട്ടി, തല മറക്കുന്ന രീതിയിൽ നീളമുള്ള ഒരു തുണി കൊണ്ട് പൊതിഞ്ഞ് പൊള്ളുന്ന വെയിലിൽ ഒരു മറയെന്നോണം ദേഹം മുഴുവൻ പൊതിയുന്ന കുപ്പായവും ഇട്ട്, മുട്ടറ്റം വരെയുള്ള ഷൂസുമിട്ട് അയാൾ ഒട്ടകത്തിന്റെ മുകളിൽ അതിന്റ മുതുകിലെ മുഴയിൽ മുറുകെ പിടിച്ചിരുന്നു.മണൽക്കാറ്റും വെയിലും കണ്ണിലേക്കെത്താതെയിരിക്കാനെന്നോണം ഒരു കറുത്ത കണ്ണട വെച്ചിരിന്നു.ആരോ വറച്ചട്ടിയിൽ കോരി അടിയിൽ തീ ഇട്ടത് പോലെ ചൂടായി കിടന്ന മണ്ണിലേക്ക് അയാൾ ഇറങ്ങിയതേയില്ല..

ചൂട് മണ്ണിലൂടെ നടന്നത് ഒട്ടകമാണ്. നീണ്ട മെലിഞ്ഞ കാലുകൾ മണ്ണിൽ താഴ്ന്നില്ല... ഉറച്ച ചുവടുകളോടെ അത് നടന്നു നീങ്ങി... അതിന്റ വായും മൂക്കും കറുപ്പും ചുവപ്പും ഇടകലർന്ന നിറമുള്ള ഒരു തുണികൊണ്ട് കെട്ടിയിരുന്നു.. കണ്ണുകൾ ചെറുതായി മാത്രം തുറന്നിരുന്നു..

എനിക്ക് അതിനോട് ചോദിക്കണമെന്ന് തോന്നി. പ്രിയപ്പെട്ട ഒട്ടകമേ.! "നീ മഴ കണ്ടിട്ടുണ്ടോ? എന്നെങ്കിലും മനസ്സ് കുളിർക്കേ മഴ നനഞ്ഞിട്ടുണ്ടോ? ഈ വരണ്ട ഭൂമിയിലെ ചൂട് കാറ്റിന്റെ ഈണമല്ലാതെ മരുപ്പച്ച കണ്ടിട്ടുണ്ടോ? മുള്ളുകൾ നിറഞ്ഞ ചെടിയുടെ ഇലകൾ അല്ലാതെ എന്തെങ്കിലും നീ കഴിച്ചിട്ടുണ്ടോ.. മനസ്സ് നിറയെ സമൃദ്ധി നീ എന്നെങ്കിലും അറിഞ്ഞിട്ടുണ്ടോ? പക്ഷേ ഇതൊന്നും കേൾക്കാൻ നിൽക്കാതെ അത് മരുഭൂമിയിലൂടെ നടന്നു കൊണ്ടേയിരുന്നു...

തന്റെ മേൽ ഇരിക്കുന്ന ഭാരത്തെ അറിഞ്ഞു കൊണ്ടോ.. അറിയാതെയോ.. ജീവിത ഭാരം എന്ന വിധി ഓർത്തു പതറാതെ അത് എവിടേക്കോ നടന്നു... യജമാനൻ തെളിക്കുന്ന വഴിയിലൂടെ...



രാഖി ആർ

# എൻ സ്നേഹം

പുലർവേളയിൽ  മഞ്ഞു
തുള്ളികൾ വന്നെന്റെ
നെറുകയിൽ
ചുംബിച്ചിടുമ്പോൾ
എൻ മനത്താരിൽ നിറഞ്ഞിടും
സ്നേഹത്തിൻ
തളിർമുട്ട് മെല്ലെ വിടർന്നു
ആ പുഷ്പമെന്റെ
ഹൃദയത്തിനായ്  നൽകി
എൻ സ്നേഹത്തിനാഴത്തെ
കാട്ടാൻ
അവനെന്റെ സ്നേഹത്തിനാഴം
അറിഞ്ഞനാൾ
എന്നോടായ് മന്ത്രിച്ചതെന്തോ
എൻ ജീവിതത്തിന്റെ
സൗഭാഗ്യം നീ തന്നെ
എൻ പ്രിയ തോഴിയാ നീയ്



മിസ്ന എസ്

# കോവിഡ് -19

ലോകജനതയെ തീരാ ദുരിതത്തിലേക്ക് തള്ളിയിട്ട മഹാമാരിയാണ് കൊവിഡ് 19 എന്ന കൊറോണ വൈറസ്. ചൈനയിലെ വുഹാനിൽ ആണ് ഉത്ഭവം. അവിടെയുള്ള ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവൻ എടുത്ത ഈ മഹാമാരി അതിവേഗത്തിൽ ലോകം മുഴുവൻ വ്യാപിച്ചു.ഇതിന് കൃത്യമായ ഒരു മരുന്ന് കണ്ടെത്താൻ ഇതുവരെ നമുക്ക് സാധിച്ചിട്ടില്ല.

സാധാരണ പനിയിൽ നിന്നും മനുഷ്യനെ മരണത്തിലേക്ക് ഈ വൈറസ് കൊണ്ടെത്തിക്കുന്നു.

പനി,തലവേദന തുടങ്ങിയവയാണ് ലക്ഷണങ്ങൾ.സാവധാനം അത് ശ്വാസ കോശത്തിലേക്ക് വ്യാപിക്കും.മറ്റു രോഗങ്ങൾ ഉള്ളവർക്കും,പ്രായമായവർക്കും ഒരു ഭീഷണിയാണ് ഈ വൈറസ്. ഈ രോഗം പിടിപെട്ട് കഴിഞ്ഞാൽ മറ്റു ള്ളവരിൽ നിന്നും അകലം പാലിക്കുകയും ദിവസങ്ങളോളം നിരീക്ഷണത്തി ൽ കഴിയേണ്ടിയും വരും,തൊണ്ടയിൽ നിന്നും മൂക്കിൽ നിന്നും സ്രവം എടു ത്തു പരിശോധിക്കും.സമ്പർക്കത്തിലൂടെ ഈ രോഗം പെട്ടെന്നു പകരും.ഇതു തടയാൻ നമ്മൾ മാസ്ക് ഉപയോഗിക്കുകയും സാമൂഹിക അകലം പാലിക്കു കയും വേണം.കൊറോണ വൈറസ് ഒരു സാമൂഹിക വിപത്താണ്. ഇത് കാ രണം നമ്മൾ ഒരുപാട് ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു.സ്കൂളുകളും കോളേജുക ളും അടഞ്ഞുകിടക്കുന്നു, പരീക്ഷകൾ നടത്താൻ സാധിക്കുന്നില്ല.ഒരുപാട് പേ രുടെ തൊഴിൽ നഷ്ടപ്പെട്ടു. ജീവിക്കാൻ നിവർത്തിയില്ലാതെ ജനങ്ങൾ ജീവ നൊടുക്കുന്നു.ആരോഗ്യ പ്രവർത്തകരുടെയും സർക്കാരിനെയും നിർദ്ദേശങ്ങ ളനുസരിച്ച് മുന്നോട്ടുപോവുകയാണെങ്കിൽ,ഒരു പരിധിവരെ ഈ വൈറസി നെ തടയാൻ നമുക്ക് സാധിക്കും.

അതിനായി നമുക്ക് ഓരോരുത്തർക്കും പ്രയത്നിക്കാം.

സജിന മോൾ എസ്



# വായന....

ഒരു മനുഷ്യനെ
പൂർണ്ണനാക്കുന്നു.



ശരീരത്തിന് വ്യായാമം;
മനസ്സിന് വായന.



പുസ്തകം പോലെ നമ്മെ
തിരുത്തുന്ന ചങ്ങാതി ഇല്ല.

വായിച്ചു വളരുക;
ചിന്തിച്ച് വിവേകം നേടുക.




## ജൂൺ 19




## വായനദിനം.....



# കൊഴിഞ്ഞു പോകുന്ന മധ്യവേനലവധിക്കാലം

സുരമ്യമോൾ എം.എസ്

പൊൻസൂര്യ പ്രഭയോടെ കടന്നുവരുന്ന ഓരോ മധ്യവേന ലവധിക്കാലത്തിനും പറയുവാൻ ഒട്ടേറെക്കഥകളുണ്ട്. ആഘോഷ ത്തിന്റേയും, ആഹ്ലാദത്തിന്റേയും,ഒത്തുചേരലിന്റേയും,സൗഹൃദത്തി ന്റെയും നനുത്ത ദിനങ്ങളാണ്. ഓർമ്മയിലെ മധുരമനോഹരമായ ഈ മധ്യവേനലവധിക്കാലത്തെ വരവേൽക്കാൻ വിരഹത്തിന്റെ മാർച്ച് മാസം വിടപറയുന്നതിനോടൊപ്പം ഏപ്രിൽ മാസം ഉല്ലാസ ത്തിന്റെ ഉത്സവകാലം തീർക്കുന്നു.നാട്ടുമാങ്ങയുടെ ഈ അവധിക്കാ ലത്തിന് മാറ്റുകൂട്ടുവാൻ കളി മൈതാനങ്ങളും,കൊയ്ത്തൊഴിഞ്ഞ വയ ലേലകളും, ഉത്സവപ്പറമ്പുകളും വേദിയാകുന്നു.അതിരാവിലെ എഴു ന്നേറ്റ് മാങ്ങ പെറുക്കാൻ പറമ്പുകൾ തേടുന്ന കുട്ടിക്കാലം ,ബാറ്റും ബോളും ആയി വയലുകളിൽ ഒത്തുചേരുന്ന കുട്ടിപ്പട്ടാളങ്ങൾ, ഒത്തു ചേരലിനെ ഉത്സവമാക്കി ഈ നാളുകൾ കനത്ത വേനലിനെ മറി കടന്ന് ഒരു വേനൽ മഴയായി ഓർമ്മകളിൽ ഓടിയൊളിക്കുന്നു.

ആഘോഷങ്ങൾക്ക് വേദിയായിരുന്ന ഈ അവധിക്കാലം ഓർമ്മ പുസ്തകത്തിലെ മറക്കാത്ത ഒരേടായി നിലകൊള്ളുന്നു ഒത്തു ചേരലിന്റെ ഈ വേദിയെ നിഷ്കരുണം പിന്തള്ളിക്കൊണ്ട് ലോക്ഡൗൺ കാലം കടന്നുവന്നതോടെ ആഘോഷങ്ങളുടെയും ഒത്തുചേരലിന്റേയും വേദി വിരസതയുടെ നാളുകളിൽ ചേക്കേറി. ഇന്ന് ഈ മധ്യവേനലവധിക്കാലം നീളുന്ന ലോക്ക് ഡൗൺ കാല മായി മാറി. നമുക്ക് ജാഗ്രതയോടെ കാത്തിരിക്കാം ഇനിയുമൊരു പുതിയ വസന്തത്തിനായി.



യദുകൃഷ്ണൻ സി എസ്

# വട്ട്

മനസ്സ് വലിയ സംഭവം തന്നെയാണ്...ഒഴിവിടങ്ങളിൽ എന്റെ പ്രധാന ചിന്ത മനസ്സിനെ
പറ്റിയായിരുന്നു , അതിന്റെ രൂപവും ഭാവവും അറിയാൻ നന്നേ ആഗ്രഹമുണ്ടായിരുന്നു...
അത്യാവശ്യം സയൻസ് പഠിച്ചിട്ടുള്ളതിനാൽ ശരീരവയവങ്ങളെ പറ്റി ഒരു പ്രാഥമിക
ബോധമൊക്കെ ഉണ്ട്... എന്നാലും ഈ മനസ്സ് എന്നത് എന്താണെന്ന ചോദ്യം....!!!
ശരീരത്തിൽ അതെവിടെയാകും ? നമുക്ക് തലച്ചോറുണ്ടെന്നും അത് തന്നെയാണ്
മനസ്സെന്നും ചിലർ പറഞ്ഞുതന്നു.... മറ്റുചിലർ ഹൃദയഭാഗത്ത് കൈകൾ വെച്ചിട്ടാണ്
മനസ്സ് കാട്ടിത്തന്നത്....
എനിക്കിതിനെയൊന്നും അംഗീകരിക്കാൻ കഴിഞ്ഞിരുന്നില്ല....
പതുക്കെ ഇത് ചെന്നെത്തിയത് ഞാൻ ആരാണ് എന്ന ചോദ്യത്തിലേക്കാണ്.
ചില ഒറ്റപ്പെട്ട നിമിഷങ്ങളിൽ ഈ ചിന്ത എന്നെ പിടിച്ചുകുലുക്കി.... ശരിയായ
ഒരുത്തരം എനിക്കില്ലായിരുന്നു.. കുറെയേറെ ആലോചിക്കുമ്പോൾ ഞാനേതോ
മായാലോകത്തെത്തും... അവിടെ പ്രത്യേകിച്ചൊന്നും കാണാൻ കഴിഞ്ഞില്ല എന്നതാണ്
സത്യം... എന്റെ മുഖം പോലും ഓർത്തെടുക്കാൻ എനിക്ക് പറ്റിയിരുന്നില്ല....അധികനേരം
ഒരു കാര്യത്തിലേക്ക് തന്നെ ശ്രദ്ധിക്കുമ്പോളുണ്ടാകുന്ന ഒരുതരം സ്വാഭാവിക
ബുദ്ധിമുട്ടുണ്ട്.... പക്ഷെ ഈ കാര്യത്തിൽ എനിക്കതില്ലായിരുന്നു. എങ്ങുമെത്താത്ത
ഒരുതരം കറക്കത്തിൽ കുറെയേറെ കഴിഞ്ഞപ്പോൾ ഞാനെന്റെ കൈകളിലേക്ക്
നോക്കി... കറുത്തനിറത്തിലുള്ള ചലിക്കുന്ന ഒരുതരം അത്ഭുതം... മറ്റൊന്നും എനിക്ക്
തോന്നിയില്ല... കാലുകളും അതേപോലെ... ചലിക്കുന്ന മറ്റൊരു അത്ഭുതം... ഇതൊക്കെ
എങ്ങനെ എന്ന ചിന്തക്കപ്പുറം എനിക്കൊന്നും മനസ്സിലായില്ല... ഞാനൊന്ന്
എഴുന്നേറ്റുനിന്നു. ചോദ്യങ്ങളിങ്ങനെ ആവർത്തിക്കുന്നുണ്ടായിരുന്നു... ഞാൻ
ആരാണ്....? ഇതൊക്കെ എങ്ങനെയാണ്...?
കണ്ണടക്കുമ്പോൾ ഇരുട്ടാകുന്നു... തുറക്കുമ്പോൾ വെളിച്ചവും...
കാതോർക്കുമ്പോൾ ശബ്ദമറിയാം... കാതടയ്ക്കുമ്പോൾ നിശബ്ദതയും...
നാവ് ചലിക്കുമ്പോൾ ശബ്ദമുണ്ടാകുന്നു... ചിലക്കാത്തപ്പോൾ ഇല്ലതാനും...
ഇത്തരം സംഭവങ്ങൾ തന്നെയാണോ ഇനി ഞാൻ...? ചോദ്യങ്ങളുടെ ഒരു
കൂമ്പാരത്തിനപ്പുറം എനിക്കൊരു ഉത്തരം കിട്ടിയിരുന്നില്ല....
ഈ തോന്നലുകൾ പോലും എങ്ങനെ തോന്നുന്നു എന്നൊരു തോന്നലായിരുന്നു
എനിക്..!!
എത്തും പിടിയിയും കിട്ടാത്തൊരു സംഭവം...
മനസ്സെവിടെയാണ്.....? ഞാനാരാണ്....?
പിന്നീടിതെല്ലാം ഉറക്കം കെടുത്തുന്ന ചോദ്യങ്ങളായി മാറി..... ഒരുപാട് നാളത്തെ ഉറക്കം
കെടുത്തുന്ന ചോദ്യങ്ങൾ....



വിദ്യ രഘു

# പ്രകൃതീ നീയെവിടെ?

എൻ പ്രകൃതീ എവിടെ നീ
എവിടെ നിൻ രമണീയത
നിൻ കുളിർക്കാറ്റിൻ തലോടലെല്ലാം
ഞാൻ ആസ്വദിച്ച ആ കാലം
അതു കഴിഞ്ഞു, ഇനിയതുണ്ടാവുമോ....?
നീ എങ്ങോ മറഞ്ഞു -
പോയതോർക്കുന്നു ഞാൻ... നീറലോടെ ...
എന്തേ നിൻ പുഞ്ചിരി വിടരാത്തേ
എന്തേ നീ വീണ്ടും വിടരാത്തേ
തരില്ലേ നീ നിൻ സൗന്ദര്യത്തേ
തിരിച്ച തരില്ലേ എൻ സന്തോഷത്തെ
ഓർക്കുന്നു ഞാൻ നിന്റെ വർണ്ണനകൾ
ഇന്നും ഓർക്കുന്നു ഞാൻ നിൻ പുഞ്ചിരി
സുന്ദരമാം നിൻ മലകളും, മരങ്ങളും
എല്ലാം ഓർക്കുന്നു ഞാൻ നീറലോടെ.



നീതു എസ്

# പുലരിയും പറവയും

അരുണകിരണം വീശി മന്നിൽ
സിന്ദൂരതിലകം ചാർത്തി
പ്രകൃതി നിൽപ്പ വധുവിനെപ്പോൽ
ഉരിയെ നെൽക്കതിർ കൊത്തിവാനിൽ
ചിറകടിച്ചുയർന്ന പറവകൾ
അരയാൽകൊമ്പിലിരുന്ന പറവകൾ
കൺകളാൽ കഥപറഞ്ഞു
മരക്കൊമ്പിലെ കൂട്ടിനുള്ളിൽ
തള്ളപ്പറവ അടയിരുന്നു കരുതലിൻ
ചൂടുതട്ടി, മുട്ടപൊട്ടി, കൊക്കുവിടുർത്തു
പ്രണയവർണ്ണ ചിറകുരുമ്മി
ഇണപ്പറവകൾ പറന്നുയർന്നു
ഇനിയുണരാ ഇണയെനോക്കി
പെൺകുരുവി തൂവൽവീഴ്ത്തി
ഓരോ പുലരിയും,
ഓരോ ദിനത്തിന്റെ
ഓരോ പ്രതീക്ഷതൻ പുതുനാമ്പുകൾ
ഓരോ പറവയും, ഓരോ മനസ്സിന്റെ
ഒരു പിടി സ്വപ്നത്തിൻ കിളികൊഞ്ചൽ.



ഫാത്തിമ. എസ്

# അന്ത്യശ്വാസം



ഓർമ്മകൾ മെല്ലെ ഇരുളിലേക്കൊഴുകുന്നു,
കാണുന്നു തന്റെ ജീവിതവീഥികൾ.
മിന്നിയും വീണ്ടും തിളങ്ങിയും,
ഓർമ്മകൾ തൻ കാർമേഘങ്ങൾ ഒഴുകുന്നു.
ഏതോ യാമത്തിൽ എന്ന പോലെ
മെല്ലെ മിഴികൾ അടഞ്ഞു നിശബ്ദമായി
വീണ്ടും ഉള്ളിൽ ഒരു മിന്നൽ,
ശക്തമായി കുത്തി ഉണർത്തുന്നു.
ചെയ്തത് നന്മയോ അതോ,
തിന്മയോ എന്നിപ്പോഴും അറിവില്ല
എത്രയോ ജീവനുകൾ താൻ,
സ്വന്തം കരങ്ങളാൽ എടുത്തുകഴിഞ്ഞു.
എത്രയോ ജീവനുകൾ കയറിൽ കുരുക്കി
കണ്ണുകളിൽ ഇപ്പോൾ ആ കയറുകൾ മാത്രമോ?
ജീവന്റെ പിടച്ചിൽ താൻ എത്രയോ കണ്ട് നിന്നു,
ഇപ്പോൾ മനസ്സിൽ കുറ്റബോധത്തിൻ മരവിപ്പ്
മാത്രമോ ?ഓരോ ജീവനും കയറിൽ കുരുക്കി
ലിവറിൽ കരങ്ങളുറപ്പിച്ച്,പിറകിലേക്ക്
ചലിപ്പിച്ചീടുമ്പോൾ കണ്ടു നിന്നിട്ടും  അറിയാതെ
പോയോ താൻ ആ വേദന ?
ആരാച്ചാർ എന്നത് തൻ കർമ്മമല്ലായിരുന്നോ?
പിന്നെയെന്തിനാണീ മിഴികൾ നനയുന്നു ?
അശാന്തി തൻ കടൽ ഇരമ്പം ഉള്ളിൽ നിറയുന്നു.
വിരലുകൾ മെല്ലെ തണുത്തു തുടങ്ങുന്നു
ഓർമ്മകൾ, ഓർമ്മകൾ, ഓർമ്മകൾ മാത്രം,
തന്നെ എന്തിനിങ്ങനെ വേട്ടയാടിടുന്നു ?
ജീവന്റെ തുടിപ്പ് നഷ്ടമായിടുന്നോ?
അതേ ഇനിയും തളം കെട്ടി നിക്കുന്നുവോ ?,



# മഴത്തുള്ളികൾ

ശ്രീക്കുട്ടി ഗിരീഷ്

രണ്ടു ദിവസമായി നല്ല മഴയാണ്.നല്ല കാറ്റും. എന്നാലും ആ തണുപ്പിലും കുളിർമയും ഒരു കട്ടൻ ചായയും ആയി ഞാൻ
എന്റെ വീടിൻ്റെ ഉമ്മറത്ത് വന്ന് ഇരുന്നു. മഴയുടെ ആർത്തിരമ്പൽ ആസ്വദിച്ച് ഓരോ കവിൾ കട്ടൻചായ കുടിച്ച് കൊണ്ട് മഴയെ ഞാൻ സ്വാഗതം ചെയ്തു. മഴ ആർത്തു പെയ്യുമ്പോൾ ..എന്തോ എവിടെയോ ഒരു ഓർമപ്പെടുത്തൽ. എന്റെ മനസ്സും ഇതുപോലെ അല്ലേ? സങ്കടങ്ങൾ കൊണ്ടുള്ള പെരുമഴ എനിക്കും ഉണ്ടെന്ന്.

കട്ടൻചായ ആസ്വദിച്ച് കഴിഞ്ഞ് ഞാൻ എന്റെ മുറിയിലേക്ക് പോയി. ജനാലയിൽ കൂടെ മഴയെ ആസ്വദിച്ച് മഴയുടെ താളത്തിൽ ലയിച്ച് മനസിലെ വേദനകൾ മറന്ന് ഓരോ തുള്ളിയുടെ താളവും ആസ്വദിച്ച് ഒരു ഒരു മായാലോകത്ത് എന്ന പോലെ ഇരുന്നു ...



ഫ്രെംസി വർഗ്ഗീസ്

# മേരിക്കൊച്ച്

ജനിച്ച വളർന്ന കാലം മുതൽക്കെ കടലിന്റെ ഓരത്താണ് ഞാൻ കളിച്ചവളർന്നത്. എന്റെ പരിസരവാസികളും വീട്ടിലുള്ളവരും എല്ലാം കടപ്പുറം മേഖലയെ ആശ്രയിച്ചാണ് ജീവിതം മുന്നോട്ടു നയിച്ചിരുന്നത്. എല്ലാവർക്കും ഒരു ലക്ഷ്യം മാത്രമെ ഉണ്ടായിരുന്നുള്ളൂ. 'കാലി വയറ് പോറ്റണം', അതിനു വേണ്ടി രാവും പകലും അവർ കടലുമായി കഠിന പ്രയത് നം നടത്തി.സൂര്യന്റെ കിരണങ്ങൾ ഉദിച്ചുയർന്നു പ്രകാശത്തിന്റെ രശ്മികൾ നാടെങ്ങും നിറഞ്ഞു. പതിവുപോല െ ഞാൻ കാലത്തെ എഴുന്നേറ്റു, ഇനി പണികൾ ഓരോന്നായി ചെയ്തു തുടങ്ങണം. ഓല മേഞ്ഞ വീടാണ് ഞങ്ങളുടേത് മഴ പെയ്താലും ചൂടേറ്റാലും വീട്ടിനുള്ളിൽ അവയുടെ സാമീപ്യം അറിയാം. ഇന്നെന്തായാലും നല്ല കാലാവസഥയാണ്, ചുറ്റുപാടും ഞാനൊന്നു നോക്കി എങ്ങും നിശബ്ദത, അച്ഛൻ ചിന്തയിൽ മുഴുകിയിരിക്കു-കയാണ്, പട്ടിണി തന്നെയാണ് പ്രധാന ചിന്ത വിഷയം.അമ്മച്ചി നല്ല മയക്കത്തിലാണ്. അമ്മയോട് ചേർന്ന് എന്റെ കുഞ്ഞി പെങ്ങളും മയങ്ങുന്നു. ഒരാഴ്ചയെ ആയുള്ളൂ അവൾ ഞങ്ങളുടെ കുടുംബാംഗം ആയിട്ട്. മൂത്താങ്ങള മുറ്റത്ത് അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയാണ് . എല്ലാ ദിവസവും ഇത് തന്നെ കാഴ്ച ഒരു മാറ്റവും സംഭവിക്കുന്നില്ല . പഠിക്കാൻ പോവാൻ എനിക്ക് അതിയായ ആഗ്രഹം ഉണ്ട് എന്നാൽ എന്തു ചെയ്യാൻ സാധിക്കും വീട്ടിലെ സാഹചര്യം അതിനനുവദിക്കുന്നില്ല. "എടീ മേരിക്കൊച്ചേ കട്ടൻ തിളച്ചില്ലായോ" അപ്പച്ചൻ ആണല്ലോ വിളിക്കുന്നത്, മയക്കത്തിൽ നിന്നെ ന്ന പോലെ ഞാൻ ചിന്തയിൽ നിന്നും ഉണർന്നു, "അപ്പച്ച കട്ടൻ കാപ്പി ഇപ്പോൾ കൊണ്ട് വരാമേ."

"ഒന്നു വേഗമാകട്ടെ കൊച്ചേ പണിക്കു പോവാണ്ടായോ" സമയം വൈകിയിരിക്കുന്നു. "ദാ വരുന്നു അപ്പച്ചാ ..."

"കടപ്പുറത്ത് നല്ല പണി കോളാണെന്നാണ് കേട്ടെ വേഗം അങ്ങോട്ട് എത്തിയില്ലേൽ വള്ളക്കാർ പോകും".

ഞാൻ പോയി വരാം കൊച്ചേ  അമ്മച്ചിയോട് പറഞ്ഞേക്കണേ മൂത്താങ്ങ-ളയും അപ്പന്റെ കൂടെ പോകാൻ തയ്യാറായി നിക്കുവാണ് , അപ്പച്ച ഞാനും കൂടി വന്നോട്ടെ, അപ്പനെ നോക്കി മൂത്താങ്ങള ചോദിച്ച , അപ്പൻ കുറച്ച് വിസമ്മതം കാട്ടിയെങ്കിലും അവസാനം മൂത്താങ്ങളേയും കൂടെ കൊണ്ടു പോയി. അമ്മച്ചിയേയും കുഞ്ഞി പെങ്ങളേയും നോക്കേണ്ട ചുമതല എനിക്കാണ്, അമ്മച്ചിക്ക് സമയത്തിന് ആഹാരം കൊടുക്കണം വളരെ ശ്രദ്ധിക്കേണ്ട സമയമാണിത് . വേണ്ടത്ര ഭക്ഷണം പോലും കൊടുക്കാൻ സാധിച്ചിട്ടില്ല. ദാരിദ്ര്യം തന്നെയാണ് പ്രധാന വിഷയം. ആകാശത്തിന്റെ നിറം മങ്ങി തുടങ്ങിയിരിക്കുന്നു. മഴ പെയ്യുമെന്നാണ് തോന്നുന്നത്. നല്ല ഇടി മുഴക്കവും ഉണ്ടല്ലോ? ഓരോ തുള്ളിയായി മഴ പെയ്യാൻ തുടങ്ങി, മഴ യുടെ ശക്തിയും കൂടിയിരിക്കുന്നു. വീട്ടിനുള്ളിൽ വെള്ളം വീഴാൻ തുടങ്ങിയി രിക്കുന്നു,അമ്മച്ചിയും കൊച്ചും ഉറക്കത്തിൽ നിന്നും ഉണർന്നിരിക്കുന്നു. "മേരിക്കൊച്ചേ  അപ്പനും കൊച്ചും എന്തേ? അവര് പണിക്കു പോയി, അമ്മേച്ചി ഇനി വൈകുമ്പോഴെ എത്തൂ, നല്ല മഴയല്ലയോ ദൈവമേ എനിക്കു എന്തോ പേടി പോലെ തോന്നണു . അമ്മച്ചി പേടിക്കാതെ അപ്പൻ എന്നും പോകുന്നതല്ലേ?  ഇന്ന് മൂത്താങ്ങളയും കൂടെ ഉണ്ട്.പുറത്ത് ആരോ വിളിക്കുന്ന പോലെ കൊച്ച് ഒന്ന് നോക്കിയെ , എടി കൗദീന നീ കിടക്കുവാണോ പെണ്ണേ , അമ്മച്ചി അതപ്പുറത്തെ ചേടത്തിയാണ് , അകത്തേക്കു വാ ചേടത്തിയെ , എന്താണ് ചേടത്തി വിശേഷിച്ച് ; കടൽ ഇളകി മറിഞ്ഞിരിക്കുവാണ് ഇന്നാണേൽ ചാക്കപ്പൻ മുതലാളിടെ വള്ളം മാത്രമെ കടലിൽ പോയിട്ടുള്ളൂ നിന്റെ കെട്ടിയോൻ അതിലല്ലായോ പോയേക്കുന്നേ? കർത്താവിനോട് പ്രാർത്ഥിക്ക് പെണ്ണേ ഒന്നും വരത്തില്ലേന്ന് . എന്റെ മനസ്സിൽ ആകുലതയേറുവാണ് ചേടത്തി പറഞ്ഞത് കേട്ടിട്ട് , അമ്മച്ചിയുടെ മുഖം വാടിയിരിക്കുന്നു . സമയം വൈകിയിരിക്കുന്നു കടപ്പുറത്ത് ഒച്ചപ്പാടും  ബഹളവും മാനം ഇരുണ്ട് തുടങ്ങി ആളുകൾ എന്തൊക്കെയോ പറയുന്നുണ്ട്, കേൾക്കുന്നത് സത്യമാണോ? മരവിച്ച അവസ്ഥയിൽ അമ്മച്ചി ഇരിക്കുന്നു. എന്റെ അപ്പനേയും മൂത്താങ്ങളേയും ഇനി ഒരിക്കലും കാണാൻ കഴിയില്ലേ?..



# പല്ലവ സംഗീത സ്മൃതികൾ...

മിന്നു മാത്യു

കലാലയത്തിൽ ഇടവഴിയിൽ വെച്ചാണ് ഞാൻ അവളെ ആദ്യമായി കണ്ടത്. ആരെയും ആകർഷിക്കുന്ന നിഷ്കളങ്കമായ പുഞ്ചിരി, ഇരുനിറമാർന്നനെറ്റിതടത്തിൽ തൊട്ട ചന്ദനക്കുറിയും ചുവന്ന വട്ടപൊട്ടും , അഴിച്ചിട്ട കറുത്ത ചുരുണ്ടു നീണ്ട ഇടതൂർന്ന മുടിയിഴകളിന്മേൽ ചൂടിയ തുളസിക്കതിരും , കണ്മഷിയുടെ കറുപ്പിനാൽ മിഴിവേകിയ കണ്ണുകളും, മിതമായ ഭാഷണവും, കോകില നിനാദവും അവളുടെ നാടൻ സൗന്ദര്യത്തിനു മാറ്റു കൂട്ടുന്ന പോലെ തോന്നി .......

"സൗന്ദര്യം നാം കാണുന്നതിനും കേൾക്കുന്നതിനും അപ്പുറത്തേക്ക് എഴുത്തപ്പെടാത്ത നിർവചനം കൊടുക്കേണ്ട ഒന്നാണ്".

ക്ലാസ്സിലെ മറ്റു പെൺകുട്ടികളെ നിഷ്പ്രഭമാക്കുന്ന എന്താണ് ഇവളുടെ പക്കലുള്ളതായി തനിക്ക് തോന്നിയത്?

മറ്റുള്ളവരോടുള്ള കറയില്ലാത്ത സ്നേഹമോ, കരുണയോടുള്ള പെരുമാറ്റമോ, നിഷ്കളങ്കതയോ....

..... എന്തായിരിക്കാം തനിക്കങ്ങനെ തോന്നാൻ കാരണം? ..... ഒന്നല്ല, ഒരുപാട് കാരണങ്ങൾ ഉണ്ട്... അതുകൊണ്ട് ആയിരിക്കാം ഇവൾ എന്നുമെനിക്ക് പ്രിയങ്കരിയായത്..!



29/05/2021
ശനി  10.00 PM

ത്രേസ്യാമ്മ സി  ജോസഫ്



പ്രിയ ചക്കീ

എന്നും സന്തോഷത്തോടെ ഇരിക്കാൻ ആർക്കാണ് ഇഷ്ടമല്ലാത്തത്?മാമലകൾക്കും പുഴകൾക്കും കുളിർ കാറ്റിനും ഒപ്പം ഒരു പൂമ്പാറ്റയെ പോലെ പറക്കുവാൻ സാധിച്ചിരുന്നെങ്കിൽ? ഈ കൊറോണയെ പൂമ്പാറ്റക്ക് പേടിക്കണ്ട കാര്യം ഇല്ലല്ലോ? ചക്കീ കുറെയേറെ ചോദ്യങ്ങൾ  ആണ് മനസ് നിറയെ... പുലരിയിലേക്ക് സൂര്യകിരണങ്ങളെ നോക്കി ഞാൻ ആലോചിച്ചു അങ്ങനെ കിടന്നു... അമ്മയുടെ ചായ മേശപ്പുറത്ത് എത്തി. അതും കുടിച്ചു ഞാൻ പ്രഭാതകർമങ്ങൾ ഓക്കേ കഴിഞ്ഞു  നേരെ ചെന്നിരുന്നത് സ്മാർട്ട് ഫോണിന് മുൻപിൽ,ഓൺലൈൻ ക്ലാസ്സ് ആണ്. ടീച്ചർ ആകാനുള്ള മോഹത്തിന് ഒരു പ്രധാന കാരണം കൂട്ടുകാർക്കൊപ്പം ഒരുമിച്ച് സന്തോഷത്തോടെ കളിയും ചിരിയും ആയി ഇരിക്കാം എന്നത് ആയിരുന്നു.. പക്ഷേ കോവിഡ് വില്ലൻ ആയി.ജീവിതത്തിലെ പല സ്വപ്നങ്ങളെയും തച്ചുടച്ചു.എങ്കിലും പ്രതീക്ഷയുടെ നേരിയ വെളിച്ചം കൂരിരുൾ നിറഞ്ഞ മനസിന്റെ ഒരു കോണിൽ ഞാൻ കാണുന്നുണ്ട്...

ക്ലാസ്സ് എല്ലാം കഴിഞ്ഞു.. ഉച്ചക്ക് ശേഷം എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കൂട്ടുകാർക്കൊപ്പം സമയം ചെലവഴിച്ചു.അവർ ആരാന്നു ചക്കിക്കു അറിയാല്ലോ . പത്തുമണി, വാത്സ്യം, മുളക്, പയർ, റോസാ,തുടങ്ങി എണ്ണമില്ലാത്ത എന്റെ ചെടികൾക്കൊപ്പം.ക്ലാസ്സിലെ ചില വർക്കുകൾ ഓക്കേ പെൻഡിങ്ങിൽ ആയിരുന്നു. അതൊക്കെ തീർത്തു..നാളത്തെ പ്രഭാതം സന്തോഷം നിറഞ്ഞതാകട്ടെ  അല്ലേ ചക്കീ .. നാളെ വിശേഷങ്ങൾ പറയാൻ എനിക്കും കേൾക്കാൻ നിനക്കും സാധിക്കട്ടെ എന്ന പ്രതീക്ഷയോടെ....

നിന്റെ,
കൂട്ടുകാരി



എൽവിൻ ഹന്നാ വർഗ്ഗീസ്

# കാലമേ, നീ ഇങ്ങനങ്ങു നടന്നകലുന്നുവോ !

എക്കാലവും ഓർക്കുന്ന ഒരു കാലത്തിന്റെ പടികൾ ചവിട്ടിതാണ്ടിക്കൊണ്ടിരിക്കുകയാണ് നാം ഓരോരുത്തരും. ചിലപ്പോഴെങ്കിലും നാം കേൾക്കാറും പറയാറുമുണ്ട് വിശപ്പും, പ്രണയവുമാണ് ദാരുണ അവസ്ഥകൾ എന്നൊക്കെ. എന്നാൽ ഒരു തരത്തിൽ ഈ ചിന്ത ആവർത്തനം ചെയ്യപ്പെട്ടാൽ നമുക്ക് തോന്നും അടിസ്ഥാനപരമായി മാനസികവും ശാരീരികവുമായ ദാരുണ അവസ്ഥ 'യാചന' യാണെന്ന്.

ഏതൊരു വികാരത്തിന്റെയും മാനസിക ഗതികേടിൽ എത്തുമ്പോൾ ആ യാചന നമ്മൾ കാണാറുണ്ട്. ഇന്നീ കാലഘട്ടത്തിൽ അന്യന്റെ ജീവൻ കാത്തുസൂക്ഷിക്കുവാൻ പോലും യാചനയുടെ സ്വരം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

കാലമേ, നിന്റെ മുൻവിധികൾ തെറ്റും എന്തെന്നാൽ യാചനകൾക്കപ്പുറം ചുട്ടു ചോര തിളക്കുന്ന യുവത്വം ഇവിടെ വളർന്ന് പന്തലിക്കുന്നുണ്ട്.

സഖേ, കാലത്തിനു മറുപടി നമുക്കാകാം.

# ഫിയോദർ ദസ്തയേവ്സ്കി



വീണാരാജ് പി.എ

പെരുമ്പടവം ശ്രീധരന്റെ "ഒരു സങ്കീർത്തനം പോലെ" എന്ന നോവലിലെ പ്രധാന കഥാപാത്രമാണ് ദസ്തയേവ്സ്കി. ദസ്തയേവ്സ്കി വെറുമൊരു കഥാപാത്രമല്ല ജീവിച്ചിരുന്ന ഏറ്റവും മികച്ച റഷ്യൻ നോവലിസ്റ്റുകളിൽ ഒരാളാണ്. അലസനും അസന്മാർഗ്ഗിയും എന്ന് സ്വയം വിശേഷിപ്പിച്ചിരുന്ന ഒരു മധ്യവയസ്കൻ. ദസ്തയേവ്സ്കിയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ പരിഹാസം,വധശിക്ഷ, സൈബീരിയൻ തടവ്,അപസ്മാരം എന്നിവയായിരുന്നു.ദാരിദ്ര്യം, രോഗം, സ്നേഹഭംഗം, ഒറ്റപ്പെടൽ തുടങ്ങിയവയേല്പിച്ച പീഡാനുഭവങ്ങൾ, സ്വയം തിരഞ്ഞെടുത്ത ചൂതുകളി, ദുഷ്കീർത്തി, ആത്മനിന്ദ എന്നിവ ദസ്തയേവ്സ്കിയുടെ ഹൃദയം ഇളകിമറിയുന്ന ഒരു കടലാക്കി മാറ്റി. തന്റെ പോരായ്മകൾ മനസ്സിലാക്കാനും കുറ്റബോധത്തിൽ പശ്ചാത്തപിക്കാൻ കഴിയുന്നതുംകൊണ്ടാണ് ദസ്തയേവ്സ്കിയെ ഇത്രയധികം നമ്മൾ ഇഷ്ടപ്പെടുന്നത്. ഇതുവരെ വായിക്കുകയോ അറിയുകയോ ചെയ്യാത്ത ദസ്തയേവ്സ്കിയെ മനസ്സിനെ ആഴത്തിൽ രേഖപ്പെടുത്തുന്ന ഈ നോവൽ. കുടിയനും മുച്ചീട്ടുകളിക്കാരനുമായ ഒരാളെ അല്ലാ പകരം നിഷ്കപടമായ ഒരു ദേഹിയെ, സഹതാപാർഹനായ ഒരു ജീവനെയാണ് നാമിവിടെ കാണുന്നത്. ഈ മനുഷ്യന്റെ ഓരോ വരികളിലും വിഷാദവും ആത്മനിന്ദയും അതേസമയംതന്നെ തെറ്റുകൾ മറച്ചുപിടിക്കാൻ ദൈവവുമായി നടത്തുന്ന സംവാദങ്ങളും നിറഞ്ഞുനിൽക്കുന്നു. ബൈബിളിലെ ചില സങ്കീർണതകളിൽ ഉള്ളതുപോലെയുള്ള കുറ്റബോധത്തിന്റെയും അനുതാപത്തിന്റെയും ഒരു സ്വരം ദസ്തയേവ്സ്കിയുടെ മിക്ക കൃതികളിലും കാണപ്പെടുന്നത് കൊണ്ടാണ് അദ്ദേഹത്തിന്റെ നോവലിന് ഒരു സങ്കീർത്തനം പോലെ എന്ന പേര് പെരുമ്പടവം നൽകിയത്."ഹൃദയത്തിനുമേൽ ദൈവത്തിന്റെ കയ്യൊപ്പുള്ള ഒരാൾ" എന്നാണ് നോവലിലുടനീളം കഥാകാരൻ ഓർമപ്പെടുത്തുന്നത്.



ആർച്ച എസ്

# നീ അറിയാതെ..

കലാലയത്തിൻ ഇടനാഴിയിലൂടെ
ഞാൻ തനിയെ നടന്നു നടന്നു നീങ്ങി
മനസിന്റെയുള്ളിൽ വെമ്പൽ കൊണ്ട്
ഞാൻ അവനെയും തേടി നടന്നു നീങ്ങി
അവനോടുള്ള പ്രണയം എന്നും ഞാൻ
മനസിന്റെ കോണിൽ മറച്ചു വെച്ചു
പറയാതെ പോയൊരാ ദിവ്യനുരാഗം
എൻ ഹൃദയത്തിനുള്ളിൽ മുറിവുകളായി
ഇരുൾ മൂടിയ കാർമേഘവും പിന്നെ
മാരിയായി പെയ്തങ്ങു ചുട്ടുവേനലിൽ
വരണ്ടു പോയെന്റെ കണ്ണുനീർ തുള്ളികൾ
അവനെയും കാത്തു ഞാൻ ഏകയായി
നിഴലായി കൂട്ടിനെൻ പ്രണയിതാവെത്തു
മെന്നാഗ്രഹിച്ചിന്നും ഇരിക്കയായി.....



ഉപന്യ സലിം

# മലയാള ഭാഷയുടെ മഹത്ത്വം ..

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യന്നു പെറ്റമ്മ തൻ ഭാഷ താൻ"

മഹാകവി വള്ളത്തോളിന്റെ ഈ വരികൾ മലയാളഭാഷയുടെ മഹത്വം വരച്ചു കാട്ടുന്നവയാണ്.ഓരോ മനുഷ്യനും തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുവാനും ചിന്തയുടെ ലോകത്ത് നിന്നും അതിനെ പുറത്ത് കൊണ്ട് വരുവാനും ഉപയോഗിക്കുന്ന ആശയ വിനിമയ ഉപാധി ആണ് ഭാഷ. ഓരോ വ്യക്തിയും തന്റെ ആശയങ്ങൾ അവതരിപ്പിക്കുന്നതും ആശയവിനിമയം നടത്തുന്നതുമൊക്കെ മാതൃഭാഷയിലാണ്. മറ്റേത് ഭാഷയിലും എത്ര നന്നായി സംസാരിക്കുന്ന ഒരു വ്യക്തിആയാൽ കൂടി അവന്റെ ഉള്ളിൽ മാതൃഭാഷാ പ്രധാന്യം വളരെ വലുതാണ്. മറ്റൊന്നും നമ്മിൽ മാതൃഭാഷയോളം സ്വാധീനം ചെലുത്തുന്നില്ല. ഏതൊരു ഭാഷയുടെയും അർത്ഥം നാം മനസിൽ ഉറപ്പിക്കുന്നത് നമ്മുടെ മാതൃഭാഷയിൽ ആണ്. ഒരു ഇംഗ്ലീഷുകാരൻ ഇംഗ്ലീഷിൽ ചിന്തിക്കുമ്പോൾ ഒരു മലയാളി ചിന്തിക്കുന്നത് മലയാളത്തിലാണ്. ചുരുക്കി പറഞ്ഞാൽ ഏതൊരു ഭാഷയും അറിയാൻ മാതൃഭാഷ ആവശ്യമാണ്.

ഭാഷ അവന്റെ സംസ്കാരത്തിന്റെ മനോഹരമായ ചിത്രമാണ്. ഇന്ന് നാം പുരോഗമനത്തിന്റെയും ആധുനികവൽക്കരണത്തിന്റെയും ചുവടു പിടിച്ച് കൊണ്ട് നമ്മുടെ മാതൃഭാഷയെ മറക്കുകയാണ്. മേഘസന്ദേശവും,കത്തുകളും, പത്രങ്ങളും, മറ്റും ഇന്റർനെറ്റ്, വാട്സാപ്പ്, ഇ-മെയിൽ, ഫേസ്ബുക്ക്, എന്നിവയിലേക്ക് മാറി കഴിഞ്ഞു.

ഇന്നാവട്ടെ എല്ലാ മാധ്യമങ്ങളിലും മലയാളത്തിനു പകരം ഇംഗ്ലീഷും നൃജൻ കണ്ടുപിടിത്തമെന്നോണം മംഗ്ലീഷുംമൊക്കെ സ്ഥാനം പിടിച്ചിരിക്കുന്നു. ഈ ഒരു സാഹചര്യത്തിൽ മാതൃഭാഷകൾ അടിയറവ് പറയേണ്ടി വരും.അന്യ സംസ്ഥാനത്തുനിന്നും വരുന്ന തൊഴിലാളികൾ മാത്രമല്ല ഇന്ന് ജനിച്ചു വീഴുന്ന കുട്ടികൾ പോലും "മലയാളം കുറച്ചു  കുറച്ചു അറിയാം "എന്ന് പറയുന്ന അവസ്ഥയിലേക്കാണ് നമ്മുടെ സമൂഹത്തിന്റെ പോക്ക്. ഈ അവസ്ഥയിൽ നശിക്കുന്നത് നമ്മുടെ സംസ്കാരം മാത്രമല്ല  തലമുറകളായി ഒരുപാടു മഹാന്മാർ പടുത്തുയർത്തി കൊണ്ട് വന്ന മാതൃഭാഷയുടെ ഉന്നതങ്ങളാണ്.. മാതൃഭാഷ - അത് ഏതുമാവട്ടെ അതിനെ ഉൾകൊള്ളേണ്ട കടമ നമ്മൾ മനുഷ്യർക്കുണ്ട്. എത്ര മനോഹരമായി മാറാൻ ശ്രമിച്ചാലും ഏതൊരു ആപത്തിലും എന്തിന് നമ്മുടെ വികാരങ്ങൾ പോലും നാം  പ്രകടിപ്പിക്കുന്നത് മാതൃഭാഷയിലാണ്. ഏവരും ഒന്ന് ആത്മാർത്ഥമായി ചിന്തിച്ചാൽ മനസ്സിലാവുന്ന വസ്തുതയാണതും.

എത്ര വലിയ  ഉന്നതങ്ങളിൽ എത്തിയാലും മുറുകെ പിടിക്കണം നമ്മുടെ മാതൃഭാഷയെ.



സൂര്യ സുനിൽ

# പ്രണയച്ചിറകിൽ..

അറിയാതെ വന്നൊരാ പ്രണയത്തിൻ കാറ്റിനെ
ഹൃദയത്തിലാവാഹിച്ചന്നൊരുന്നാൾ മുതൽ,

ഉള്ളിൽ നിറഞ്ഞതോ കുളിരുള്ള കിനാവുകൾ
ഉള്ളം അറിഞ്ഞതും പ്രണയാനുഭൂതികൾ!!

സ്വപ്നത്തിൽ ചിറകിൽ രണ്ടിണക്കിളികളായ്
മേഘത്തിൽ മേലെ പറന്നിരുന്നല്ലോ നാം...

രണ്ടെന്ന ഭാവങ്ങൾ പാടെ മറന്നു നാം ഒന്നായി
മുന്നോട്ടു പോയൊരു നാളുകൾ.......

പിരിയുവാനില്ലാ ഒരു നാളുമെന്നൊരാ വാക്കുകൾ
നിന്നിൽ നിന്നുതിർന്നതു ഓർക്കുന്നു.

കാലത്തിൻ മാറ്റത്തിൽ താനെ അലിഞ്ഞു നീ
മാറ്റത്തിൽ കൊടുമുടി അണഞ്ഞതുമോർക്കുന്നു.

ആദ്യചുംബനത്താൽ ഞാൻ പകർന്നൊരാ
പ്രണയാനുഭൂതിയിൽ തുടുത്ത നിൻ കവിളിണ

നീയെനിക്കകുമാ അന്ത്യചുംബനത്തിൽ
കണ്ണീരണിഞ്ഞുകിൽ അവിടെയെന്നാത്മാവ്

ശാന്തിതീരം തേടും,അവിടെയെൻ
പ്രണയം വീണ്ടും തളിർക്കും........



അജയ്.എം.എസ്





















പ്രിയേഷ് എം.ബി






















ഗോപിക. ആർ






ജയശ്രീ ജെ





മേരി സിമി ടി.എഫ്





ബിപിൻ ബാബു കെ



# World No Tobacco Day, our slogans.



# നമ്മുടെ
# പരിസ്ഥിതി ദിനം







ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി എല്ലാ അധ്യാപക വിദ്യാർത്ഥികളും ഓരോ വൃക്ഷ തൈകൾ വീതം നട്ടു. മരം ഒരു വരം തന്നെയാണ്. നമുക്ക് പ്രകൃ തിയോട് ഇണങ്ങി ജീവിക്കാം.



# എഡിറ്റോറിയൽ ബോർഡ്



പ്രിയേഷ് എം.ബി



അജയ് എം.എസ്



വീണാരാജ് പി.എ



ജയശ്രീ ജെ



എൽവിൻ ഹന്നാ
വർഗീസ്





# നന്ദി



Stay Connected with us

scrv2k21@gmail.com

YouTube Rhythm of SCRV